സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2024 മെയ് 27 തിങ്കൾ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ | പുസ്തകം 17 ലക്കം 150

## കെ. എസ്. യു ക്യാമ്പിലെ തമ്മിൽത്തല്ലിൽ അച്ചടക്ക നടപടി ഉറപ്പ്; നടപടിക്ക് ശിപാർശ ചെയ്ത് അന്വേഷണ കമ്മീഷൻ

തിരുവനന്തപുരം: കെ.എസ്.യു തെക്കൻ മേഖലാ ക്യാമ്പിലെ തമ്മിൽത്തല്ലിൽ കെ.പി.സി.സി നിയോഗിച്ച അന്വേഷണ കമ്മീഷൻ അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യും. സംഘർഷത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം ജില്ലാ ഭാരവാഹികൾ അടക്കമുള്ളവർക്കെതിരെയായിരിക്കും നടപടി.

ക്യാമ്പിലേക്ക് കെ.പി.സി.സി പ്രസിഡന്റ് കെ സുധാകരനെ ക്ഷണിക്കാതിരുന്നതിൽ കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് അലോഷ്യസ് സേവ്യറിനോട് കമ്മീഷൻ വിശദീകരണവും ചോദിക്കും.

തമ്മിൽത്തല്ലിൽ കെ.എസ്.യു നേതൃത്വത്തെ കുറ്റപ്പെടുത്തി കെ.പി.സി.സി നിയോഗിച്ച അന്വേഷണ കമ്മീഷൻ ഇന്നലെ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ക്യാമ്പ് നടത്തിപ്പിൽ കെ.എസ്.യു നേതൃത്വത്തിന് ഗുരുതര വീഴ്ച സംഭവിച്ചുവെന്നാണ് റിപ്പോർട്ട്. കെ.എസ്.യു നേതൃത്വത്തിലെ ഒരുവിഭാഗം, വിഭാഗീയ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നെന്നും റിപ്പോർട്ടിൽ കണ്ടെത്തലുണ്ട്.

കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരനെ ക്യാമ്പിലേക്ക് ക്ഷണിച്ചെന്നായിരുന്നു കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് അലോഷ്യസ് സേവ്യർ ഇന്നലെ മാധ്യമങ്ങളോട് പറഞ്ഞത്. ഇത് തെറ്റാണെന്നാണ് അന്വേഷണ റിപ്പോർട്ട് പറയുന്നത്.

ക്ഷണിക്കാതിരുന്നത് വിഭാഗീയ പ്രവർത്തനങ്ങളുടെ ഭാഗമാണെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ. ഇതേക്കുറിച്ച് ചോദിച്ചപ്പോൾ കുട്ടികളല്ലേ എന്നായിരുന്നു പ്രതിപക്ഷ നേതാവിന്റെ മറുപടി.

# ബാറുകളിലെ ടേൺ ഓവർ ടാക്സ്; ഒളിച്ചു കളിച്ച് സർക്കാർ, കണക്ക് പറയാതെ ധനമന്ത്രി




തിരുവനന്തപുരം: ബാർ ഉടമകളിൽ നിന്ന് പിരിച്ചെടുക്കേണ്ട ടേൺ ഓവർ ടാക്സിൽ സർക്കാർ ഒളിച്ചു കളിക്കുന്നു. ടേൺ ഓവർ ടാക്സിന്റെ വിശദാംശങ്ങൾ തേടിയുള്ള നിയമസഭാ ചോദ്യത്തിന് ഒരു വർഷം കഴിഞ്ഞിട്ടും ധനമന്ത്രി കെ.എൻ ബാലഗോപാൽ മറുപടി നൽകിയില്ല. ബാറുകളുടെ എണ്ണം കൂടിയിട്ടും ആനുപാതികമായി ടേൺ ഓവർ ടാക്സ് പിരിവ് നടന്നില്ലെന്നാണ് ലഭ്യമാകുന്ന വിവരം.

വിൽപന നികുതിയുടെ പത്ത് ശതമാനമാണ് ബാറുകൾ നൽകേണ്ട ടേൺ ഓവർ ടാക്സ്. 2017 മുതൽ 2023 വരെ ബാറുകളിൽ നിന്ന് ലഭിച്ച ടേൺ ഓവർ ടാക്സ് വരുമാനം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ചോദ്യം 2023 മാർച്ച് ആറിനാണ് നിയമസഭയിൽ റോജി എം ജോൺ ഉന്നയിച്ചത്. അൺസ്റ്റാർഡ് ഗണത്തിലുള്ള ചോദ്യത്തിന് നാളിത് വരെ ധനമന്ത്രി ഉത്തരം നൽകിയിട്ടില്ല. ഒരു വർഷം പിന്നിട്ടിട്ടും ഉത്തരം നൽകാത്തത് ടേൺ ഓവർ ടാക്സ് പിരിവ് കാര്യക്ഷമം അല്ലെന്ന ആരോപണം ശക്തിപ്പെടുത്തുന്നതാണ്.

ബാർ ലൈസൻസ്, പഞ്ചനക്ഷത്ര ബാറുകൾക്ക് മാത്രമായി ചുരുങ്ങിയ 2016-2017 കാലയളവിൽ 300 കോടി വരെ ടേൺ ഓവർ ടാക്സായി ലഭിച്ചിട്ടുണ്ട്. 801 ബാറുകൾ ഇപ്പോൾ സംസ്ഥാനത്ത് ഉണ്ടെങ്കിലും ടേൺ ഓവർ നികുതി 600 കോടി കടന്നിട്ടില്ലെന്നാണ് അനൗദ്യോഗിക വിവരം. മുമ്പ് നികുതി വകുപ്പ് ഉദ്യോഗസ്ഥർ ഓരോ ബാറും സന്ദർശിച്ചാണ് ടേൺ ഓവർ ടാക്സ് നിശ്ചയിച്ചിരുന്നത്.

ഇത് ഇപ്പോൾ ബാറുകൾ നൽകുന്ന കണക്കിനെ മാത്രം അടിസ്ഥാനമാക്കിയാണ് മുന്നോട്ട് പോകുന്നത്. ഇതെല്ലാം ചേരുമ്പോൾ ബാർ ഉടമകളെ സർക്കാർ വഴിവിട്ട് സഹായിക്കുന്നുവെന്ന ആരോപണങ്ങൾ കൂടുതൽ ശക്തമാകുകയാണ്.

## ഡിജിറ്റൽ രേഖകൾ സൂക്ഷിക്കുന്നതിൽ ഹൈക്കോടതി സർക്കുലർ: ഉപഹർജിയിൽ നടപടികൾ അവസാനിപ്പിച്ചു




കൊച്ചി : കീഴ്ക്കോടതിയിൽ ലൈംഗിക കുറ്റകൃത്യങ്ങളിന്മേലുള്ള ഡിജിറ്റൽ രേഖകൾ സൂക്ഷിക്കുന്നതിനായി പുറത്തിറക്കിയ മാർഗരേഖ സർക്കുലർ ആയി ഇറക്കണമെന്ന സർക്കാരിന്റെ ഉപഹർജിയിൽ ഹൈക്കോടതി നടപടികൾ അവസാനിപ്പിച്ചു. നടിയെ ആക്രമിച്ച കേസിലെ നിർണായക തെളിവായ ഡിജിറ്റൽ രേഖകൾ വിചാരണക്കോടതിയിൽ നിന്നും ചോർന്നതുമായി ബന്ധപ്പെട്ട ഹർജിയിൽ സർക്കാർ ഉപഹർജി സമർപ്പിച്ചിരുന്നു.

ഡിജിറ്റൽ രേഖകൾ സൂക്ഷിക്കുന്നത് സംബന്ധിച്ച് സർക്കുലർ ഇറക്കണമെന്നായിരുന്നു സർക്കാരിന്റെ ഉപഹർജി. ഡിജിറ്റൽ തെളിവുകൾ സംബന്ധിച്ച ഹൈക്കോടതി ഉത്തരവ് ജില്ലാ ജഡ്ജിമാർ, പൊലീസ് മേധാവി എന്നിവർക്ക് കൈമാറിയതായി രജിസ്ട്രാർ വ്യക്തമാക്കി. സ്വമേധയാ വിഷയത്തിൽ ഇടപെടുന്നുണ്ടെന്ന് സിംഗിൾ ബഞ്ചും അറിയിച്ചു. മാർഗ്ഗ നിർദേശങ്ങൾ നടപ്പാക്കാൻ എല്ലാ പൊലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദേശം നൽകിയതായി സർക്കാരും അറിയിച്ചു.

# വടകരയിൽ വിജയാഘോഷത്തിന് നിയന്ത്രണം; പരിപാടികൾ രാത്രി ഏഴിന് അവസാനിപ്പിക്കണം

കോഴിക്കോട്: വടകര പാർലമെന്റ് മണ്ഡലത്തിൽ വിജയാഘോഷത്തിന് നിയന്ത്രണം. ആഘോഷങ്ങൾ രാത്രി ഏഴ് മണിക്ക് അവസാനിപ്പിക്കാൻ ഉത്തര മേഖല ഐ.ജി വിളിച്ച യോഗത്തിൽ തീരുമാനമായി. കാഫിർ സ്ക്രീൻ ഷോട്ട് വിഷയവും സർവകക്ഷി യോഗത്തിൽ ചർച്ചയായി.

വടകര എസ്.പി ഓഫീസിലാണ് കണ്ണൂർ ഡി.ഐ.ജിയുടെ നേതൃത്വത്തിൽ യോഗം ചേർന്നത്. തെരഞ്ഞെടുപ്പ് ഫല പ്രഖ്യാപന ദിവസത്തെ ആഘോഷ പരിപാടികളുടെ നിയന്ത്രണമാണ് പ്രധാനമായും ചർച്ച ചർച്ചയായത്.

ആഘോഷ പരിപാടികൾ രാതി ഏഴ് മണിക്ക് അവസാനിപ്പിക്കണം. ആഘോഷങ്ങൾക്ക് വാഹന പര്യടനം പാടില്ല തുടങ്ങിയവയാണ് നിയന്ത്രണങ്ങൾ. കാഫിർ സ്ക്രീൻ ഷോട്ട് വിഷയവും യോഗത്തിൽ ചർച്ചയായി. പ്രതികളെ കുറിച്ച് സൂചന ലഭിച്ചെന്നും ഉടൻ പിടികൂടുമെന്ന് പൊലീസ് ഉറപ്പ് നൽകിയെന്നും യു.ഡി.എഫ് നേതാക്കൾ പറഞ്ഞു.

യോഗത്തിൽ സി.പി.ഐ.എം,കോൺഗ്രസ്, മുസ്‌ലിം ലീഗ്,ആർ.എം.പി, ബി.ജെ.പി പ്രതിനിധികൾ പങ്കെടുത്തു. കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ കണ്ണൂർ സിറ്റി പൊലീസ് കമ്മിഷണർ, വടകര റൂറൽ എസ്പി തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു.

## 'നഗരത്തിലെ എല്ലാ കുഴികളും മൂടും'; തലസ്ഥാനത്ത് റോഡിലെ കുഴികൾ അടച്ച് ബിജെപി കൗൺസിലർമാരുടെ പ്രതിഷേധം




തിരുവനന്തപുരം: തലസ്ഥാനത്തെ റോഡ് നിർമാണം അനിശ്ചിതമായി നീണ്ടുപോകുന്നതിനെതിരെ കുഴികൾ അടച്ചുകൊണ്ടുള്ള പ്രതിഷേധവുമായി ബിജെപി കൗൺസിലർമാർ. തിരുവനന്തപുരം കോർപ്പറേഷനിലെ ബിജെപി കൗൺസിലർമാരാണ് റോഡ് നിർമാണത്തിനായി പൊളിച്ചിട്ട ഭാഗങ്ങളിൽ മണ്ണും കല്ലുമിട്ട് അടയ്ക്കുന്നത്. ശ്രീമൂലം ക്ലബ്ബിന് മുന്നിലായുള്ള റോഡിലാണ് പ്രതിഷേധം ആരംഭിച്ചത്. പൈപ്പിടുന്നതിനായി എടുത്ത കുഴികൾ അടച്ചുകൊണ്ടാണ് പ്രതിഷേധം.

റോഡ് നിർമാണം പൂർത്തിയാക്കുന്നതിൽ കോർപ്പറേഷൻറെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായെന്നാരോപിച്ചാണ് പ്രതിഷേധം. മാസങ്ങളായി തുടങ്ങിയ നിർമാണപ്രവർത്തി ഇതുവരെ പൂർത്തിയാക്കാനായില്ലെന്നും കോർപ്പറേഷൻ ഭരണസമിതിയുടെ തികഞ്ഞ അനാസ്ഥയാണ് ഇതിന് കാരണമെന്നും ബിജെപി കൗൺസിലർമാർ ആരോപിച്ചു. കേന്ദ്ര സർക്കാരിൻറെ സ്മാർട്ട് സിറ്റി പദ്ധതിയിൽ തുക അനുവദിച്ചു കിട്ടിയിട്ടും കൃത്യമായ സമയത്തിനുള്ളിൽ പണി പൂർത്തിയാക്കാനായിട്ടില്ല. ജൂൺ 15നുള്ളിൽ തീർക്കുമെന്നാണിപ്പോൾ പറയുന്നത്. ചുരുങ്ങിയ ദിവസം കൊണ്ട് പണി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിയിക്കുന്നില്ലെന്നും എല്ലാ കുഴികളും മൂടികൊണ്ടുള്ള സമരം തുടരുമെന്നും ബിജെപി കൗൺസിലർമാർ പറഞ്ഞു.

അതേസമയം, കുഴികൾ അടച്ചാൽ നിർമാണം വീണ്ടും നീളുന്ന സാഹചര്യമുണ്ടാകുമെന്ന ആശങ്കയും ശക്തമാണ്. അടച്ച കുഴികൾ തുറന്നശേഷമെ പൈപ്പ് ഇടുന്ന ജോലി ഉൾപ്പെടെ പുനരാരംഭിക്കാനാകു. വേനൽ മഴ കൂടി ശക്തമായതോടെ നഗര റോഡുകളുടെ നവീകരണം വീണ്ടും വൈകിയിരുന്നു. നേരത്തെ മെയ് 31നുള്ളിൽ പൂർത്തിയാക്കുമെന്നാണ് അധികൃതർ പറഞ്ഞിരുന്നതെങ്കിലും ഇപ്പോഴും നഗരത്തിലെ പല പ്രധാന റോഡുകളും പൊളിച്ചിട്ട നിലയിലാണ്. ജൂൺ 15നുള്ളിൽ പൂർത്തിയാക്കുമെന്നാണ് ഇപ്പോൾ അധികൃതരുടെ വിശദീകരണം.

# റഫയിൽ ഇസ്രായേൽ ആക്രമണത്തിൽ 35 പേർ കൊല്ലപ്പെട്ടു; 24 മണിക്കൂറിനിടെ മരിച്ചത് 160 പേർ



ഗസ്സ: സുരക്ഷിത മേഖലയെന്ന് തങ്ങൾ തന്നെ പറഞ്ഞ റഫയിൽ ആക്രമണം കടുപ്പിച്ച് ഇസ്രായേൽ. റഫയിലെ ടെന്റുകൾക്ക് നേരെ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ 35 പേർ കൊല്ലപ്പെട്ടു. റഫ, ജബലിയ തുടങ്ങിയ പ്രദേശങ്ങളിൽ നടത്തിയ ആക്രമണത്തിൽ 24 മണിക്കൂറിനിടെ 160 പേരാണ് മരിച്ചത്. സമീപകാലത്ത് ഒറ്റ ആക്രമണത്തിൽ ഏറ്റവും കൂടുതൽ ആളുകൾ കൊല്ലപ്പെട്ട സംഭവമാണിത്.

റഫയിൽ ആക്രമണം പാടില്ലെന്ന അന്താരാഷ്ട്ര കോടതിയുടെ മുന്നറിയിപ്പ് പോലും അവഗണിച്ചാണ് ഇസ്രായേൽ രൂക്ഷമായ ആക്രമണം നടത്തുന്നത്. ആക്രമണം നടന്ന ടെന്റുകൾക്ക് സമീപം യു.എൻ കാമ്പ് പ്രവർത്തിക്കുന്നുണ്ട്.

യു.എൻ കാമ്പുകൾക്ക് സമീപം ആക്രമണം നടത്തരുതെന്ന നിയമവും കാറ്റിൽപ്പറത്തിയാണ് ഇസ്രായേൽ ആക്രമണം. നിരവധിപേർക്ക് പരിക്കേറ്റിട്ടുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ആശുപത്രിയും റഫയിലേ പരിസരത്തോ ഇല്ലാത്തതിനാൽ മരണ സംഖ്യ ഇനിയും ഉയരുമെന്നാണ് സൂചന.

2000 പൗണ്ടിന്റെ വലിയ ബോംബ് ഉപയോഗിച്ചാണ് ഇസ്രായേൽ ആക്രമണം നടത്തിയത്. ഈ ബോംബ് സംബന്ധിച്ച് ഇസ്രായേലും അമേരിക്കയും തമ്മിൽ വലിയ തർക്കം നടക്കുന്നതിനിടെയാണ് ഇസ്രായേൽ ഇത് ഉപയോഗിച്ച് ആക്രമണം നടത്തിയത്. വലിയ യുദ്ധഭൂമികളിൽ മാത്രമേ ഇത് ഉപയോഗിക്കാവൂ എന്നാണ് അമേരിക്ക പോലും പറയുന്നത്. ഇത് പോലും അവഗണിച്ചാണ് ഒരു ടെന്റിന് നേരെ ഇസ്രായേൽ മാരക പ്രഹരശേഷിയുള്ള ബോംബ് ഉപയോഗിച്ചിരിക്കുന്നത്.

## പരസ്യക്കേസിൽ ബിജെപിക്കു തിരിച്ചടി, ഇടപെടില്ലെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: തൃണമൂൽ കോൺഗ്രസിനെ അവഹേളിക്കുന്ന വിധത്തിലുള്ള പരസ്യങ്ങൾ വിലക്കിയ കൊൽക്കത്ത ഹൈക്കോടതി വിധിക്കെതിരെ ബിജെപി നൽകിയ ഹർജിയിൽ ഇടപെടാൻ സുപ്രീം കോടതി വിസമ്മതിച്ചു. പരസ്യങ്ങൾ പ്രഥമദൃഷ്ട്യാ അവഹേളനപരമാണെന്ന് ജസ്റ്റിസുമാരായ ജെകെ മഹേശ്വരിയും കെവി വിശ്വനാഥനും അഭിപ്രായപ്പെട്ടു.

പരസ്യങ്ങൾ തെരഞ്ഞെടുപ്പ് ഫലം വരുന്നതു വരെ വിലക്കിയ സിംഗിൾ ബെഞ്ച് ഉത്തരവിൽ ഇടപെടാൻ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിസമ്മതിച്ചിരുന്നു. ഇതു ചോദ്യം ചെയ്താണ് ബിജെപി സുപ്രീം കോടതിയെ സമീപിച്ചത്.

പ്രഥമദൃഷ്ട്യാ പരസ്യങ്ങൾ അവഹേളനപരമാണെന്ന് ബെഞ്ച് അഭിപ്രായപ്പെട്ടതോടെ ഹർജി പിൻവലിക്കാൻ ബിജെപിക്കു വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ പിഎസ് പട്വാലിയ അനുമതി തേടുകയായിരുന്നു. ഇതിന് ബെഞ്ച് അനുമതി നൽകി. തുടർന്ന് പിൻവലിച്ചതായി രേഖപ്പെടുത്തി ഹർജി തള്ളി.

ബിജെപിയുടെ പരസ്യം തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണെന്നു ചൂണ്ടിക്കാട്ടിയാണ്, ഹൈക്കോടതി സിംഗിൾ ബെഞ്ച് വിലക്കിയത്.



## രാജ്കോട്ട് ദുരന്തം:33 പേരുടെ ജീവനെടുത്തത് വെൽഡിങ് മെഷിനിൽനിന്ന് തെറിച്ച തീപ്പൊരി,ദൃശ്യങ്ങൾ പുറത്ത്

രാജ്കോട്ട്: ഗുജറാത്തിലെ രാജ്കോട്ടിൽ കുട്ടികളടക്കം 33 ഓളം പേരുടെ മരണത്തിനിടയാക്കിയ തീപ്പിടിത്തത്തിന്റെ കാരണം വ്യക്തമാക്കുന്ന സിസിടിവി ദൃശ്യങ്ങൾ പോലീസ് പുറത്തുവിട്ടു. ഗെയിമിങ് കേന്ദ്രത്തിന് സമീപം സൂക്ഷിച്ചിരുന്ന സാധനങ്ങളിലേക്ക് വെൽഡിങ് മെഷിനിൽ നിന്ന് തീപ്പൊരി തെറിച്ചുവീണ് അഗ്നിബാധയുണ്ടാകുന്നതാണ് ദൃശ്യങ്ങളിൽ ഉള്ളത്. തീപ്പിടിത്തത്തിന്റെ കാരണത്തെ സംബന്ധിച്ച് വലിയ ആശയക്കുഴപ്പം നിലനിന്നിരുന്നു. ഷോർട്ട് സർക്യൂട്ട് ആകാമെന്നായിരുന്നു പ്രാഥമിക നിഗമനം. സിസിടിവി ദൃശ്യങ്ങളിലൂടെ ഇതിന് വ്യക്തത ലഭിച്ചെന്നാണ് പോലീസ് പറയുന്നത്.

ജനറേറ്റർ പ്രവർത്തിപ്പിക്കാനും മറ്റുമുള്ള 3000-ത്തിൽ അധികം ലിറ്റർ ഡീസലും പെട്രോളും ഗെയിമിങ് കേന്ദ്രത്തിൽ ഉണ്ടായിരുന്നു. ഇതിലേക്കാണ് തീപ്പൊരി വീഴുന്നത്. പിന്നീട് തീ ആളിപ്പടരുകയായിരുന്നു. മൂന്ന് ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് നൽകാൻ പ്രത്യേക സംഘത്തോട് ?ഗുജറാത്ത് സർക്കാർ നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സിസിടിവി ദൃശ്യങ്ങൾ കണ്ടെത്തിയത്.

നാനാ-മാവാ റോഡിലെ ഗെയിമിങ് സോണിൽ ശനിയാഴ്ച വൈകീട്ട് നാലരയോടെയാണ് അപകടമുണ്ടായത്. അവധിക്കാലം ആഘോഷിക്കാൻ വേണ്ടി ഗെയിമിങ് കേന്ദ്രത്തിലെത്തിയ കുട്ടികളായിരുന്നു അപകടത്തിൽപ്പെട്ടവരിലേറെയും. വാരാന്ത്യമായതുകൊണ്ട് ഗെയിമിങ് കേന്ദ്രത്തിൽ ഓഫറും ഏർപ്പെടുത്തിയിരുന്നു.

ടിക്കറ്റിന് 99 രൂപയായിരുന്നു നിരക്ക്. അതുകൊണ്ട് തന്നെ അവധിയാഘോഷിക്കാൻ ഒട്ടേറെപ്പേരാണ് കുട്ടികൾക്കൊപ്പം ഇവിടെയെത്തിയിരുന്നത്. ഗെയിമിങ്ങിനായി നിർമിച്ച ഫൈബർ കൂടാരം പൂർണമായി കത്തിയമരുകയായിരുന്നു. ശക്തമായ കാറ്റു വീശിയതും കെട്ടിടം പൂർണമായി നിലംപൊത്തിയതും രക്ഷാപ്രവർത്തനത്തിന് വെല്ലുവിളിയായി. ഗെയിമിങ് കേന്ദ്രത്തിനകത്തേക്ക് പ്രവേശിക്കാനും പുറത്തിറങ്ങാനും ഏഴ് അടി മാത്രം ഉയരത്തിലുള്ള ഒരു വാതിൽ മാത്രമായിരുന്നു ഉണ്ടായിരുന്നത്. യുവരാജ് സിങ് സോളങ്കി എന്നയാളുടെ ഉടമസ്ഥതയിലുള്ള ഗെയിമിങ് കേന്ദ്രത്തിന് മതിയായ ലൈസൻസ് ഇല്ലാതെയൊണെന്ന റിപ്പോർട്ട് നേരത്തെ പുറത്തുവന്നിരുന്നു. സോളങ്കിയുടെ പേരിൽ പോലീസ് കേസും എടുത്തു.

## പോലീസിന് വിരുന്നൊരുക്കി ഗുണ്ടാനേതാവ്; റെയ്ഡിനെത്തിയ എസ്.ഐയെ കണ്ട് DYSP ശുചിമുറിയിൽ ഒളിച്ചു



കൊച്ചി: അങ്കമാലിയിൽ ഗുണ്ടാനേതാവിന്റെ വീട്ടിൽ പോലീസുകാർക്ക് വിരുന്ന്. കാപ്പ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണ്ടാ നേതാവ് തമ്മനം ഫൈസൽ എന്നറിയപ്പെടുന്ന ജോർജിന്റെ വീട്ടിലൊരുക്കിയ വിരുന്നിൽ ആലപ്പുഴ ക്രൈംബ്രാഞ്ച് ഡിവൈഎസ്പിയടക്കം നാല് പോലീസുകാർ പങ്കെടുത്തെന്നാണ് വിവരം. പുളിയനത്ത് ഞായറാഴ്ച വൈകീട്ട് ആറിന് അങ്കമാലി പോലീസ് നടത്തിയ റെയ്ഡിലാണ് ഡിവൈഎസ്പിയും സംഘവും കുടുങ്ങിയത്.

ഗുണ്ടാ നേതാക്കളുടെ വീട്ടിൽ നടത്തുന്ന 'ഓപ്പറേഷൻ ആഗ്' പരിശോധനയുടെ ഭാഗമായാണ് അങ്കമാലി പോലീസ് തമ്മനം ഫൈസലിന്റെ വീട്ടിൽ എത്തിയത്. എന്നാൽ, ഡിവൈഎസ്പിക്കും പോലീസുകാർക്കുമുള്ള വിരുന്നാണ് നടക്കുന്നതെന്ന് പിന്നീടാണ് വ്യക്തമായത്. റെയ്ഡിനെത്തിയ അങ്കമാലി എസ്.ഐയെ കണ്ടതോടെ ഡിവൈഎസ്പി അടക്കമുള്ള പോലീസുകാർ രക്ഷപ്പെടാൻ ശ്രമിച്ചു.

ശുചിമുറിയിൽ കയറിയാണ് ഡിവൈഎസ്പി ഒളിച്ചത്. അങ്കമാലി പോലീസ് വിവരം പിന്നീട് ഉന്നത പോലീസ് ഉദ്യോ?ഗസ്ഥരെ അറിയിച്ചു. റെയ്ഡിൽ കണ്ടെത്തിയ പോലീസുകാരെ അങ്കമാലി പോലീസ് സ്റ്റേഷനിലെത്തിച്ച് വിവരങ്ങൾ ശേഖരിച്ചു. ഡിവൈഎസ്പിയെ കണ്ടെത്തിയതായി പോലീസ് റിപ്പോർട്ടിലില്ല.

ക്രൈംബ്രാഞ്ച് ഡിവൈഎസ്പി എം.ജി സാബുവാണ് വിരുന്നിൽ പങ്കെടുത്തതെന്നാണ് വിവരം. ഇദ്ദേഹമാണ് പോലീസുകാരെ വിരുന്നിന് എത്തിച്ചതെന്നാണ് അറിയുന്നത്. ആലുവ റൂറൽ എസ്.പി., ഡിവൈഎസ്പിയോട് വിശദീകരണം തേടിയിട്ടുണ്ട്.

വിരുന്ന് സംബന്ധിച്ച കൂടുതൽ അന്വേഷണം നടക്കുകയാണ്. വിരുന്ന് സംഘടിപ്പിച്ചത് എന്തിന്റെ പേരിലാണെന്ന കാര്യവും പരിശോധിക്കുന്നുണ്ട്.



# വാർഷികാഘോഷം

വടകര: ദേശശബ്ദം ഷൻസിന്റെ അഞ്ചാം വാർഷികാ ഘോഷത്തിന്റെ ഭാഗമായി പുസ്തകപ്രകാശനം, ഗാനാമൃതം, പുസ്തക സമർപ്പണം, ആദരം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു. പുസ്തകപ്രകാശനം കെ.കെ. രമ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഗാനാമൃതം ഉദ്ഘാടന വും പുസ്തക സമർപ്പണവും ഇ.വി. വത്സൻ നിർവഹിച്ചു. അജിതകൃഷ്ണ മുക്കാളി അധ്യക്ഷത വഹിച്ചു. മാതൃഭൂമി ബേപ്പൂർ ലേഖ കൻ എം.പി. പത്മനാഭൻ, സാ വിത്രി, രഞ്ജീവ് കുറുപ്പ്, റോയ് കെ. ജോസഫ്, എന്നിവരെ ചടങ്ങിൽ ആദരിച്ചു.

മാടമന ശ്രീരാ മൻ, ശോഭന ശ്രീധരൻ, രാജൻ കരുണാലയം, ശ്രീബ പുത്തല ത്ത്, തിലോത്തമ മഠത്തിൽ കള ത്തിൽ, ജലാലുദ്ദീൻ തൈക്കണ്ടി എന്നിവർ സംസാരിച്ചു.




റെസിഡന്റ്സ് അപ്പെക്സ് കൗൺസിൽ ഓഫ് കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന റെഡിഡന്റ്സ് അസോസിയേഷൻ ജില്ലാ സംഗമം കോൺഫെഡറേഷൻ ഓഫ് റെസിഡന്റ്സ് വെൽഫെയർ അസോസിയേഷൻ ( കോർവ ) സംസ്ഥാന വർക്കിംഗ് പ്രസിഡണ്ട് മുരളീധരൻ പുതുക്കുടി ഉത്ഘാടനം ചെയ്യുന്നു

# 'മഴക്കാല പൂർവ്വ ശുചീകരണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം'

കോഴിക്കോട് : മഴക്കാല പൂർവ്വ ശുചീകരണ പ്രവിർത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി വെള്ളക്കെട്ടുകൾ ഒഴിവാക്കാനും, മഴക്കെടുതികൾ നേരിടാനും സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സത്വര നടപടികൾ സ്വീകരിക്കണമെന്ന് റെസിഡന്റ്സ് അപ്പെക്സ് കൌൺസിലിന്റെ നേതൃത്വത്തിൽ ചേർന്ന റെസിഡന്റ്സ് അസോസിയേഷനുകളുടെ ജില്ലാ സംഗമം ആവശ്യപ്പെട്ടു. തദ്ദേശ സ്ഥാപനങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ റെസിഡന്റ്സ് അസോസിയേഷനുകളെ പങ്കാളികൾ ആക്കണമെന്നും, സർക്കാർ കമ്മിറ്റികളിലും വികസന സമിതികളിലും റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളെ ഉൾപ്പെടുത്തണമെന്നും ജില്ലാ തലത്തിലും കോർപറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലത്തിലും 3 മാസത്തിലൊരിക്കൽ അതാത് മേഖലകളിലെ റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്ത് പരാതി പരിഹാര നടപടികൾ സ്വീകരിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു. റെഡിഡന്റ്സ് അസോസിയേഷനുകൾക്ക് അർദ്ധ സ്റ്റാറ്റ്യൂട്ടറി പദവി നൽകി ഔദ്യോഗിക സംവിധാനത്തിന്റെ ഭാഗമാക്കണമെന്നും, റെസിഡന്റ്സ് അസോസിയേഷൻ യോഗങ്ങൾക്ക് സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും ഹാളുകളും ഓഡിറ്റോറിയങ്ങളും സൗജന്യമായി അനുവദിക്കണമെന്നും ജില്ലാ സംഗമം ആവശ്യം ഉന്നയിച്ചു. ജില്ലയിലെ എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ തലങ്ങളിലും 2 മാസത്തിനുള്ളിൽ അപ്പെക്സ് കമ്മിറ്റികൾ രൂപീകരിക്കാനും, ജില്ലാ വനിതാ കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചു കോൺഫെഡറേഷൻ ഓഫ് റെസിഡന്റ്സ് വെൽഫെയർ അസോസിയേഷൻ ( കോർവ) സംസ്ഥാന വർക്കിംഗ് പ്രസിഡണ്ട് മുരളീധരൻ പുതുക്കുടി ജില്ലാ സംഗമം ഉത്ഘാടനം ചെയ്തു. റെസിഡന്റ്സ് അപ്പെക്സ് കൌൺസിൽ ജില്ലാ പ്രസിഡണ്ട് കെ പി ജനാർദ്ദനൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എം കെ ബീരാൻ, കോർവ സംസ്ഥാന സെക്രട്ടറി നൗഷാദ് എടവണ്ണ, അഡ്വ എ കെ ജയകുമാർ, അഡ്വ കെ എം കാതിരി, പി കെ ശശിധരൻ, കെ സത്യനാഥൻ, എം പി രാമകൃഷ്ണൻ, എ രാജൻ, കെ വി ഷാബു, ശ്രീജ സുരേഷ് തുടങ്ങിയവർ പ്രസംഗിച്ചു.



# വിദ്യാർഥികളെ അനുമോദിച്ചു

കോട്ടാം പറമ്പ് : എസ്എസ്എൽസി , പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ നാഷണൽ പ്രവാസി ലീഗ് കോഴിക്കോട് ജില്ലാ കമ്മിറ്റി അനുമോദിച്ചു.

അഹമ്മദ് ദേവർ കോവിൽ എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു.അബ്ദുല്ലക്കോയ ( ജനറൽ സെക്രട്ടറി നാഷണൽ പ്രവാസി ലീഗ് സംസ്ഥാന കമ്മിറ്റി) സ്വാഗതം നിർവഹിച്ചു. സി എച്ച് ഹമീദ് മാസ്റ്റർ അധ്യക്ഷത വഹിച്ചു.ഇമ്പിച്ചി മോദി കോയ സി.പി.എം,

ഓ പി അബ്ദുറഹിമാൻ ,ജയകൃഷ്ണൻ, കെ കോയ ,അബ്ദുറഹിമാൻ എം , നാസർ വെള്ളയിൽ, അബൂബക്കർ ഹാജി, അബ്ദുൽ കരീം, അബ്ദുറഹിമാൻ എം , കെ. കോയ, നരേന്ദ്രൻ മാവൂർ , ഹസ്സൻ,എന്നിവർ ആശംസകൾ അർപ്പിച്ചു .നന്ദി മൻസൂർ (നാഷണൽ പ്രവാസി കോഴിക്കോട് ജില്ലാ സെക്രട്ടറി) നിർവഹിച്ചു.

# സോഫ്റ്റ്ടെന്നീസ് : കേരളത്തെ അലൻ ജിയോ ബേബിയും അഷ്ന ആന്റണിയും നയിക്കും





മെയ് 29 മുതൽ ജൂൺ 2 വരെ പഞ്ചാബിലെ മൊഹാലിയിൽ നടക്കുന്ന ദേശീയ സീനിയർ സോഫ്റ്റ് ടെന്നീസ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരള പുരുഷ ടീമിനെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥി അലൻ ജിയോ ബേബിയും വനിതാ ടീമിനെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ ഒന്നാം വർഷ എം. പി. എഡ് വിദ്യാർത്ഥി അഷ്ന ആന്റണിയും നയിക്കും.പുരുഷ ടീം : വി. കെ അക്ഷയ് ഭാസ്കർ (വൈസ് ക്യാപ്റ്റൻ), അൽറിച്ച് ബാബു, പി. രാം കൃഷ്ണ, എൻ. സൽമാനുൽ ഫാഹിസ്, ആഷിക് ബാബു, ടി. സി ഷാമിൽ, ഷാരോൺ വി തോമസ് കോച്ച് : എൻ ഷിബു മാനേജർ : പി. ഷഫീഖ്. വനിതാ ടീം : ഇ. സൂര്യ കൃഷ്ണ (വൈസ് ക്യാപ്റ്റൻ), ബി. സഞ്ജു, ദിയ പേളി, പി. ജെ അൽഫിയ, എം. ടി നിമിഷ, എച്ച്. ദൃശ്യ, കെ. അഭിനയ.കോച്ച് : ഡേവിഡ് മാർട്ടിൻ മാനേജർ : പി. കെ സബിത

# അഷ്റഫ് കോഴിക്കോടിന് ആദരം


കോഴിക്കോട് :'സംഗീതിക 'യുടെ പ്രതിമാസ പരിപാടി കല്ലായി റോഡ് ഷിർദ്ദി സായി ബാബാ മന്ദിരത്തിൽ സംഘടിപ്പിച്ചു.

കോഴിക്കോട് ആകാശവാണി മുൻ ആർട്ടിസ്റ്റ്ഗീതാദേവി വാസുദേവൻ ഉദ്ഘാടനം ചെയ്തു. സി.ജി.സുമേഷ് സംഗീത കച്ചേരി അവതരിപ്പിച്ചു.ന

തുടർച്ചയായി 12 മണിക്കൂർ മുഹമ്മദ് റാഫിയുടെ 125 ഗാനങ്ങൾ പാടി റിക്കോർഡ് നേടിയ അഷ്റഫ് കോഴിക്കോടിനെ ചടങ്ങിൽ ആദരിച്ചു. സായി മന്ദിരത്തിൽ അഷ്റഫ് ' ഷിർദ്ദി വാലേ സായിബാബാ ' എന്ന ഗാനവും പാടി .

തിരുവണ്ണൂർ സ്വാതി കലാകേന്ദ്രത്തിലെ വിദ്യാർത്ഥികൾ സംഗീതാർച്ചന നടത്തി. തപസ്യ ബാലൻ, കെ വി എസ് ബാബു ,സാമൂഹ്യ പ്രവർത്തകൻ ആർ ജയന്ത് കുമാർ പ്രസംഗിച്ചു.

# ഒരു വിഭാഗം ഉദ്യോഗസ്ഥർ അഴിമതിക്ക് ചൂട്ടു പിടിക്കുന്നു: വിവരാവകാശ കമ്മിഷണർ



സംസ്ഥാനത്ത് ഒരു വിഭാഗം ഉദ്യോഗസ്ഥർ അഴിമതിക്ക് ചൂട്ടു പിടിക്കുകയാണെന്നും ഫയൽ കാണിനില്ലെന്ന് പറയുന്നത് ഇവരുടെ പതിവാണെന്നും സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ.എ. അബ്ദുൽ ഹക്കിം.

എറണാകുളം ജില്ലയിലെ തെളിവെടുപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവരാവകാശ കമ്മിഷൻ സിറ്റിംഗ്രണ്ടാം അപ്പീൽ ഹരജികളിൽ നോട്ടീസ് ലഭിച്ച പൊതുബോധന ഓഫീസർമാരും അപ്പീൽ അധികാരികളും പരാതിക്കാലത്തെ എസ്.പി.ഐ.ഒ മാരും ഹരജിക്കാരും പങ്കെടുത്തു.വിവരാവകാശ അപേക്ഷകൾ ലഭിച്ചാൽ ഫയൽ കാണിനില്ല,വിവരം ലഭ്യമല്ല,ചോദ്യം വ്യക്തമല്ല തുടങ്ങിയ ടെമ്പ്ലേറ്റ് മറുപടികൾ നല്കുന്ന ഓഫീസർമാർക്ക് മിക്കപ്പോഴും ചില കാര്യങ്ങൾ ജനങ്ങളിൽ നിന്ന് മറച്ചു വയ്ക്കാനുന്നുണ്ടാവും. പലപ്പോഴും കമ്മിഷൻ ഇടപെടുമ്പോൾ കാണാതായ ഫയലുകളും ലഭ്യമല്ലാത്ത വിവരങ്ങളും പെടുന്നനേ പൊങ്ങി വരുന്നതാണ് അനുഭവം. ഇത്തരക്കാർ വിവരം നല്കാനുള്ള വകുപ്പുകൾ പഠിച്ചിങ്കിലും വിവരം നല്കാതിരാ ക്കാനുള്ള എല്ലാ വകുപ്പുകളും മന:പാഠമാക്കിയിട്ടുണ്ടെന്നും കമ്മിഷണർ പറഞ്ഞു.

ഫയൽ കാണാതാവുന്നത് ക്രമിനൽ കുറ്റമാണ്. പബ്ലിക റക്കോർഡ്സ് ആക്ട് പ്രകാരം ജയിൽ വാസം വരെ ശിക്ഷയായി ലഭിച്ചേക്കാമെന്നും ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രതയോടെ വിവരാവകാശ അപക്ഷകരോട് പെരുമാറണമെന്നും ഡോ. ഹക്കിം നിർദ്ദേശിച്ചു.

എം.എസ്. സതിശൻറെ പരാതിയിൽ കമ്മിഷിൻറെ 2020 ജൂൺ 15 ലെ ഉത്തരവ് തടപ്പാക്കാതിരുന്ന തൃപ്പൂണിത്തുറ നഗരസഭയിലെ ഓം പ്രകാശ്, അമ്പിളി ,ഷിബു എന്നീ ഉദ്യോഗസ്ഥർക്കെതിരെ സെക്ഷൻ 20(1) പ്രകാരം ഫൈൻ ചുമത്താനും 20 (2 )പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാനും കമ്മിഷൻ ഉത്തരവായി .ഇവർക്ക് 15 ദിവസത്തെ ഷോക്കോസ് നോട്ടീസ് നല്കും. ഇവിടെ ലിതിൻ എന്നയാൾ നല്കിയ അപേക്ഷയിൽ വിവരം ലഭ്യമല്ല , ചോദ്യം വ്യക്തമായില്ല എന്നിങ്ങനെ മറുപടി നല്കിയ നടപടി തെറ്റായിരുന്നുവെന്ന് കമ്മിഷൻ വിലയിരുത്തി. ഈ വിവരങ്ങൾ ജൂൺ ഏഴിനകം ഹരജീ കക്ഷിക്ക് സൗജന്യമായി നല്കണം.

കുന്നത്തുനാട് പഞ്ചായത്തിൽ ഐസക് മാത്യു നല്കിയ അപേക്ഷയിലെ മുഴുവൻ വിവരങ്ങളും 15 ദിവസത്തിനകം സൗജന്യമായി നല്കണം.

കമ്മിഷൻറെ ഹിയറിംഗിൽ നിന്നുവിട്ടുന്നിന്ന കെ. എസ് ഇ ബി ട്രാൻസ്ഗ്രിഡ്' ആലുവ സിവിഷൻ അസി.എകസി. എഞ്ചിനീയർ, അസി എഞ്ചിനീയൾ എന്നിവർ വയനാട്ടിലും കളമശേരി നഗരസഭ ഇൻഫർമേഷൻ ഓഫീസർ തിരുവനന്തപുരത്തും കമ്മിഷനുമുന്നിൽ നേരിൽ ഹാജരാകണം. ഇവർക്ക് സമൻസ് അയക്കും. ആകെ പരിഗണിച്ച 15 കേസിൽ 13 തീർപ്പാക്കി.




# മാനവ വിഭവശേഷി രൂപപ്പെടുത്താൻ എജ്യുസൈൻ സഹായകരമാകും: മന്ത്രി പി രാജീവ്

ഇടപ്പള്ളി : പുതിയ കാലത്തിനനുസൃതമായ മാനവ വിഭവശേഷി രൂപപ്പെടുത്താൻ എജ്യുസൈൻ സഹായകരമാകുമെന്ന് മന്ത്രി പി രാജീവ്. എക്സ്പോയുടെ അഞ്ചാം എഡിഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുൻ അസിസ്റ്റന്റ് സോളിസിറ്റർ ജനറൽ അഡ്വ. ടി പി എം ഇബ്രാഹിം ഖാൻ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി ഡീൻ ഡോ. അഷ്റഫ് എസ് എന്നിവർ സംസാരിച്ചു.

മൂന്ന് ദിനങ്ങളിലായി നീണ്ടുനിൽക്കുന്ന കരിയർ എക്സ്പോ ഞായർ വൈകിട്ട് സമാപിക്കും.

തൊഴിൽ വിപണിയുടെ ആവശ്യകതകൾ നിറവേറ്റാൻ പര്യാപ്തമാകുന്ന വിധത്തിൽ കോഴ്സുകൾ ഒരുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാവണമെന്ന് ആവശ്യപ്പെട്ട് മന്ത്രി പി രാജീവിന് എസ് എസ് എഫ് നിവേദനം നൽകി.

# എ ഐ വൈ എഫ് ജനജാഗ്രതാ സദസ്സ്

സ്ത്രീധനത്തിനെതിരെയും സ്ത്രീധന പീഡനങ്ങൾക്കുമെതിരെ എ ഐ വൈ എഫ് കോഴിക്കോട് നഗരത്തിൽ ജനജാഗ്രതാ സദസ്സ് സംഘടിപ്പിച്ചു. സാഹിത്യകാരിയും സാമൂഹ്യ പ്രവർത്തകയുമായ ഡോ.ഖദീജ മുംതാസ് ഉദ്ഘാടനം ചെയ്തു.

എ ഐ വൈ എഫ് സംസ്ഥാന സെക്രട്ടറി ടി ടി ജിസ്മോൻ, പ്രസിഡന്റ് എൻ അരുൺ, സി പി ഐ ജില്ല അസിസ്റ്റന്റ് സെക്രട്ടറി പി ഗവാസ്, അഡ്വക്കേറ്റ് കെ പി ബിനൂപ് തുടങ്ങിയവർ സംസാരിച്ചു.സ്ത്രീധനപീഠനത്തിനെതിരെ എ ഐ വൈ എഫ് നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ജാഗ്രതാ സെല്ലുകൾ രൂപീകരിക്കുമെന്ന് നേതാക്കൾ അറിയിച്ചു.

# സൗരോർജ തിളക്കത്തിൽ മർകസ്; സോളാർ പദ്ധതിയുടെ ആദ്യഘട്ടം കമ്മീഷൻ ചെയ്തു

കോഴിക്കോട്: ഊർജ സംരക്ഷണ രംഗത്തെ നവീന മാതൃകകൾ പ്രാവർത്തികമാക്കി മർകസ്. സമ്പൂർണ സോളാർ ക്യാമ്പസ് പദ്ധതിയുടെ ആദ്യഘട്ടം മർകസ് ജനറൽ സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു.

സെൻട്രൽ ക്യാമ്പസിലെ മസ്ജിദുൽ ഹാമിലിയുടെ മുകൾവശത്ത് സജ്ജീകരിച്ച 50 കിലോവാട്ട് പവർ ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റിൽ നിന്ന് ഒരു ദിവസം പരമാവധി 200 യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിക്കാൻ സാധിക്കുക. ഇതിലൂടെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം അരലക്ഷം രൂപ ലാഭിക്കാൻ സാധിക്കും. മർകസ് യു എ ഇ ചാപ്റ്ററിന്റെ നേതൃത്വത്തിൽ അബൂദാബി, മുസഫ്ഫ, അൽ ഐൻ, ദുബൈ, ഷാർജ, അജ്മാൻ, ഉമ്മുൽ ഖുവൈൻ, റാസൽഖൈമ, ദൈദ്, ഫുജൈറ എന്നീ സെൻട്രലുകളിലെ ഐ സി എഫ്, ആർ എസ് സി, കെ സി എഫ്, മർകസ് കമ്മിറ്റി ഭാരവാഹികളുടെയും പ്രവർത്തകരുടെയും സഹകാരികളുടെയും സ്പോൺസർഷിപ്പിലാണ് പദ്ധതി നടപ്പിലാക്കിയത്.

മർകസ് നോളേജ് സിറ്റിയിലെ ഹൊഗർ ടെക്നോളജീസ് ആൻഡ് ഇന്നോവേഷൻസ് കമ്പിനിയാണ് പദ്ധതി സാക്ഷാത്കരിച്ചത്.




മർകസ് സോളാർ പദ്ധതിയുടെ ഉദ്ഘാടനം കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ നിർവഹിക്കുന്നു.

പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ കേന്ദ്രമാവുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി പദ്ധതിയുടെ അടുത്ത ഘട്ട നിർമാണം ഉടനെ ആരംഭിക്കും. ഇതോടെ സൗരോർജത്തിൽ പ്രവർത്തിക്കുന്ന വൻകിട സ്ഥാപനങ്ങളുടെ പട്ടികയിൽ ഇനി മർകസും ഇടംപിടിക്കും.

2006-ൽ സംസ്ഥാനത്തെ തന്നെ മികച്ച മലിനജല ശുദ്ധീകരണ പ്ലാന്റ് സമർപ്പിച്ച് മർകസ് വാർത്തകളിൽ ഇടം നേടിയിരുന്നു. പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ്, ബയോഗ്യാസ് പ്ലാന്റ്, റീ സൈക്ലിംഗ് യൂണിറ്റ്, ക്യാമ്പസ് ജൈവ കൃഷിത്തോട്ടം, മത്സ്യകൃഷി എന്നിവയും പരിസ്ഥിതി സംരക്ഷണ- മാലിന്യ നിർമാർജന രംഗത്തെ പ്രധാന മർകസ് പദ്ധതികളാണ്. സോളാർ പ്രോജക്ട് ഉദ്ഘാടന ചടങ്ങിൽ ഡയറക്ടർ ജനറൽ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ, സി പി ഉബൈദുല്ല സഖാഫി, അബൂബക്കർ ഹാജി കിഴക്കോത്ത്, അക്ബർ ബാദുഷ സഖാഫി, ഹനീഫ് സഖാഫി സംബന്ധിച്ചു.

# സ്കൂളിലെ അരി കടത്തിയ സംഭവം; അന്വേഷണ റിപ്പോർട്ട് പുറത്ത്, അധ്യാപകർക്കെതിരെ ക്രിമിനൽ നടപടിക്ക് ശുപാർശ

മലപ്പുറം: മലപ്പുറം മൊറയൂർ വിഎച്ച്എം ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും ലക്ഷങ്ങളുടെ അരി കടത്തിയ സംഭവത്തിൽ കുറ്റക്കാരായ അധ്യാപകർക്കെതിരെ ക്രിമിനൽ നടപടിക്ക് ശുപാർശ.

അരി കടത്തിയ സംഭവത്തിലുണ്ടായ സാമ്പത്തിക നഷ്ടം കുറ്റക്കാരായ അധ്യാപകരിൽ നിന്നും ഈടാക്കാനും ധനകാര്യ പരിശോധന വിഭാഗം ശുപാർശ ചെയ്തു. ധനകാര്യ പരിശോധന വിഭാഗത്തിൻറെ റിപ്പോർട്ടിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത്.

കുറ്റക്കാരായ അധ്യാപകരിൽ നിന്ന് 2.88ലക്ഷം രൂപ ഈടാക്കണമെന്നാണ് നിർദേശം. സ്കൂളിലെ 7737 കിലോ അരി കടത്തിയെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത്. ഗുരുതരമായ കുറ്റമാണിതെന്നും അധ്യാപകർക്കെതിരെ ക്രിമിനൽ നടപടി ഉൾപ്പെടെ വേണമെന്നുമാണ് ശുപാർശ ചെയ്തിരിക്കുന്നത്. സ്കൂളിലെ പ്രധാന അധ്യാപകൻ ഉൾപ്പെടെ കുറ്റക്കാരായ നാല് അധ്യാപകർക്കെതിരെ വകുപ്പ് തല നടപടി വേണമെന്നും ശുപാർശയുണ്ട്. ഇവരിൽ നിന്നാണ് തുക ഈടാക്കാൻ നിർദേശിച്ചിരിക്കുന്നത്. നേരത്തെ സ്കൂളിൽ നിന്ന് അരി കടത്തുന്നതിൻറെ ദൃശ്യങ്ങൾ ഉൾപ്പെടെ പുറത്തുവന്നിരുന്നു. തുടർന്നാണ് സംഭവത്തിൽ ധനകാര്യ അന്വേഷണ വിഭാഗം അന്വേഷണം നടത്തിയത്. സംഭവത്തിൽ പ്രധാനാധ്യാപകൻ ഉൾപ്പെടെ നാലു അധ്യാപകരെ സസ്പെൻഡ് ചെയ്തിരുന്നു.

# ഭർത്താവ് ഭാര്യയെ വെട്ടിക്കൊലപ്പെടുത്തി; ദാരുണസംഭവം മലപ്പുറം മമ്പാട്

മലപ്പുറം: മലപ്പുറം നിലമ്പുർ മമ്പാട് പുള്ളിപ്പാടത്തു ഭർത്താവ് ഭാര്യയെ വെട്ടിക്കൊലപെടുത്തി.

പുള്ളിപ്പാടം കറുകമണ്ണ സ്വദേശി നിഷാമോളാണ് മരിച്ചത്. നിഷയെ വെട്ടിയ ശേഷം ഭർത്താവ് ഷാജി പോലീസ് സ്റ്റേഷനിൽ എത്തി കീഴടങ്ങി.കുടുംബ വഴക്കാണ് കൊലപാതകത്തിന് കാരണമായതെന്നു പോലീസ് പറഞ്ഞു. ഷാജിയും നിഷയും തമ്മിൽ വൈകിട്ട് വാക്ക് തർക്കമുണ്ടായിരുന്നു. പിന്നാലെ ഷാജി ഇവരെ വെട്ടുകത്തി ഉപയോഗിച്ച് ആക്രമിച്ചു.

ബഹളം കേട്ടു ഓടിയെത്തിയ നാട്ടുകാരാണ് തലക്ക് വെട്ടേറ്റ നിലയിൽ നിഷയെ കണ്ടത്. ഉടൻ നിലമ്പുർ ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം നിലമ്പുർ ജില്ലാ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

# സ്കൂട്ടർ യാത്രക്കാരിയെ ഇടിച്ചുവീഴ്ത്തി ആഭരണങ്ങൾ കവർന്നു, രക്ഷിക്കാനെന്ന വ്യാജേന എത്തി കവർച്ച

ഹരിപ്പാട്(ആലപ്പുഴ): സ്കൂട്ടർ യാത്രക്കാരിയെ പിന്നിൽനിന്ന് ഇടിച്ചുവീഴ്ത്തിയ സ്കൂട്ടർ യാത്രക്കാർ സഹായിക്കാനെന്ന നാട്യത്തിൽ അടുത്തുകൂടി ആഭരണങ്ങൾ കവർന്നതായി പരാതി. രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ മുടിക്കു പിടിച്ചുനിർത്തി ആഭരണങ്ങൾ പൊട്ടിച്ചെടുത്തുവെന്നും പരാതിയിൽ പറയുന്നു. കരിപ്പുഴ നാലുകെട്ടുംകവല കവലക്കൽ ആര്യ (23)യുടെ കൊലുസ്സും രണ്ടു മോതിരവും കൈച്ചെയിനുമാണ് നഷ്ടമായത്.


ശനിയാഴ്ച രാത്രി ഏഴരയോടെ മുട്ടം കുളത്തിനു വടക്കുള്ള എൻ.ടി.പി.സി. റോഡിലാണു സംഭവം. സ്കൂട്ടറിലെത്തിയ രണ്ടുപേർ തന്റെ സ്കൂട്ടറിനു പിന്നിലിടിച്ചെന്നും വീണുപോയ തന്നെ രക്ഷിക്കാനെന്ന വ്യാജേന അടുത്തെത്തിയവർ ആദ്യം പരിക്കിനെപ്പറ്റി ചോദിച്ചെന്നും പിന്നാലെ ആഭരണങ്ങൾ ഊരിയെടുത്തെന്നുമാണ് ആര്യ പോലീസിനു മൊഴിനൽകിയത്.കരീലക്കുളങ്ങര പോലീസ് സ്ഥലത്തു നടത്തിയ പരിശോധനയിൽ കൊലുസ്സുകളിലൊന്നും കൈച്ചെയിനിന്റെ ഭാഗവും ഉൾപ്പെടെ 14ഗ്രാം ആഭരണങ്ങൾ കണ്ടെടുത്തു. ഒന്നേകാൽ പവനോളം കിട്ടാനുണ്ടെന്നു പോലീസ് പറഞ്ഞു. റോഡിൽ വീണുകിടന്ന തന്റെ കൊലുസ്സ് ഊരിയെടുത്തപ്പോൾ ഓടി രക്ഷപ്പെടാൻ ശ്രമിച്ചെന്നും അപ്പോൾ മുടിയിൽ കുത്തിപ്പിടിച്ച് മറ്റ് ആഭരണങ്ങൾ അപഹരിച്ചെന്നുമാണ് ആര്യ പോലീസിനോടു പറഞ്ഞത്. അക്രമികൾ ഹെൽമെറ്റ് വെച്ചിരുന്നു.ആര്യ രാമപുരത്തെ ധനകാര്യസ്ഥാപനത്തിലെ ജീവനക്കാരിയാണ്. ജോലികഴിഞ്ഞു മടങ്ങുകയായിരുന്നു. സംഭവസമയത്ത് കനത്ത മഴയുണ്ടായിരുന്നു. റോഡു വിജനവും ഇരുട്ടും. താൻ ഉറക്കെ നിലവിളിച്ചെങ്കിലും സഹായത്തിനാരുമെത്തിയില്ലെന്നും മൊഴിയിലുണ്ട്. ഫൊറൻസിക് വിദഗ്ധർ സ്ഥലത്തു പരിശോധിച്ചു.മാവേലിക്കര-നങ്ങ്യാർകുളങ്ങര റോഡിലെ മുട്ടം കുളം ജങ്ഷനിൽനിന്നു നാലുകെട്ടും കവലയിലെ എൻ.ടി.പി.സി. പമ്പുഹൗസിലേക്കുള്ള റോഡിലായിരുന്നു സംഭവം.

## ഇന്നത്തെ ചിന്താവിഷയം

## നിങ്ങളുടെ ഏറ്റവും ചീത്തയായ ശത്രുക്കൾ

>>>>>>>>>>>>>>>>>>>>>>>

ഏവരിലും ഞാൻ കുടിയിരിക്കുന്നു. ഞാൻ പ്രകാശം പരത്തുകയും ഇരുട്ടിനെ സൃഷ്ടിക്കുകയും ചെയ്യുന്നു. നമ്മുടെ ശരീരം അതുകൊണ്ടു തന്നെ ക്ഷേത്രമായി കാണുകയും ഏറെ പ്രാധാന്യം അർഹിക്കുന്നതും ആകുന്നു. ശരീരത്തിൽ ഇരിക്കുന്ന ഞാൻ മനസ്സിന്റെ പ്രതീകമാണന്നും മറിച്ച് ജീവന്റെ തുടിപ്പാണന്നും രണ്ട് അഭിപ്രായങ്ങൾ കേട്ടുവരുന്നു. എന്തായാലും ചിന്തിപ്പിക്കാനും പ്രവൃത്തിപ്പിക്കാനും സഹിപ്പിക്കാനും ശേഷിയുള്ളതാണ് ഈ ഞാൻ. പലപ്പോഴും പലരിലും ഞാൻ എന്ന ഭാവം വളർന്ന് അഹങ്കാരമായി മാറുന്നു. അഹങ്കാരമേറുന്നിടത്ത് മൃഗീയത വളരും, മൃഗീയത നാശത്തെ ജനിപ്പിക്കും, നാശം നമ്മളെ തന്നെ തുടച്ചു മാറ്റും. പ്രപഞ്ചം നിറഞ്ഞു നിൽക്കുന്ന ഈശ്വരീയതയിൽ ഞാൻ എത്തപ്പെടുകയാണെങ്കിൽ ഞാൻ ചൈതന്യ പൂർണ്ണവാനായിരിക്കും. നമ്മൾ നമ്മളെ തേടുന്നതും നമ്മൾ ആരാണന്നു തിരിച്ചറിയുന്നതും വരെ നമ്മുടെ ശ്രമങ്ങളും അദ്ധ്വാനങ്ങളും തുടർന്നു കൊണ്ടേയിരിക്കുന്നു. ഇതൊരു വാസനയാണ്. എന്റെ മിത്രവും ശത്രുവും ഞാൻ തന്നെ. ഇവിടെ ശത്രുവായി പരിണമിക്കുന്നുവെങ്കിൽ ഞാൻ ഭാവത്തിന്റെ അനന്തരഫലമത്രെ. ഒരുവന്റെ അറിവും ബോധവും ജ്ഞാനവും എങ്ങനെ നന്മാധിഷ്ഠിതയിൽ പ്രകടമാക്കാനാകുമോ അതേ തൂക്കത്തിൽ തന്നെ തിന്മാധിഷ്ഠിതയും പ്രകടിപ്പിക്കാനാകും. അപ്പോൾ ഞാനാണ് ഏതു വേണമെന്ന് തീരുമാനിക്കുക. എന്റെ അഭിരുചിക്കനുസരിച്ച് എന്റെ താൽപ്പര്യത്തിനനുസരിച്ച് ഞാൻ എനിക്ക് ശത്രുവും മിത്രവും ആകുന്നു. ശത്രുത കൊണ്ട് നരകവും മിത്രത കൊണ്ട് സ്വർഗ്ഗവും പണിയുന്നു. ഇതിലേറെ രസാവഹം താൻ ആരാണന്നും തനിക്കു എങ്ങനെ ജീവിക്കാനാകുമെന്നും അറിഞ്ഞു വരുമ്പോഴേയ്ക്കും നമ്മുടെ ആയുസ്സും തീർന്നിരിക്കും. ഞാൻ എത്രമാത്രം അഹങ്കരിക്കുന്നുവോ അത്രമാത്രം കീഴടങ്ങുകയും ചെയ്യുന്നു. കോപം ദേഷ്യം മത്സര്യം മുതലായ കാരണങ്ങളാൽ ഞാൻ വൃണപ്പെടുമ്പോൾ തന്നെ സ്നേഹം വാത്സല്യം ത്യാഗം ദയ കരുണ മുതലായ കാരണങ്ങളാൽ ഞാൻ ഉൽകൃഷ്ടനാകുകയും ചെയ്യുന്നു. നാം സ്വയം അറിയുക. നമ്മുടെ പോരായ്മയും കഴിവുകളും നമ്മൾ തന്നെ വിലയിരുത്തുക. ഇത്തരം പ്രവണതകൾ നമ്മുടെ മാനദണ്ഡത്തെ തന്നെ മാറ്റിമറിക്കും. അവിടെ ഞാൻ ആരുമാകട്ടെ എന്റെ കർമ്മങ്ങൾ നിർമ്മലാത്മകമായിരിക്കും. കർമ്മങ്ങളിൽ നിർമ്മലമുണ്ടങ്കിൽ ഞാൻ പ്രശംസിക്കപ്പെടും. പ്രശംസ ആത്മബലം വർദ്ധിപ്പിക്കാനുതകും. ആത്മബലമുള്ളിടത്ത് ആത്മവിദ്യ അഭ്യസിക്കാനാകുന്നു. ആത്മവിദ്യ അഭ്യസിക്കുമ്പോൾ ആത്മജ്ഞാനം നേടുകയും ആത്മജ്ഞാനത്തിലൂടെ ഞാൻ എന്ന പ്രതിഭാസത്തെ തിരിച്ചറിയാനും കഴിയുന്നു. ഏവർക്കും സുപ്രഭാതവും സുദിനവും ആയുരാരോഗ്യവും നേർന്നു കൊണ്ട് നന്ദി നമസ്ക്കാരം.



കെ. വിജയൻ നായർ
(മുംബൈ)

# ലോകം കേട്ട കുഞ്ഞുപാട്ടുകളുടെ തമ്പുരാൻ, റിച്ചാർഡ് ഷെർമൻ അന്തരിച്ചു



ലോസ് ഏഞ്ചൽസ്: ലോകപ്രശസ്ത കുട്ടിപ്പാട്ടുകളുടെ ഗാനരചയിതാവും സംഗീത സംവിധായകനുമായ റിച്ചാർഡ് ഷെർമൻ(95) അന്തരിച്ചു. 'ജംഗിൾ ബുക്ക്', 'മേരി പോപ്പിൻസ്', 'ചിട്ടി ചിട്ടി ബാങ് ബാങ്' തുടങ്ങി നിരവധി ചിത്രങ്ങൾക്ക് വേണ്ടി പാട്ടെഴുതിയിട്ടുണ്ട്. ജ്യേഷ്ഠൻ റോബർട്ടുമായിച്ചേർന്നായിരുന്നു സംഗീതവും എഴുത്തും സംഗീതവുമായി ലോകത്തിന് നിരവധി പാട്ടുകളാണ് സമ്മാനിച്ചത്.

ബെവേർലി ഹിൽസിലായിരുന്നു റിച്ച്ഡ് ഷെർമന്റെ അന്ത്യമെന്ന് ഡിസ്നി കമ്പനി അറിയിച്ചു. റോബർട്ട് 2012-ലേ ഈ ലോകത്തോടു വിടപറഞ്ഞിരുന്നു. 1960മുതൽ 1973വരെ ഡിസ്നിയുടെ സംഗീതവിഭാഗത്തിലെ ജീവനക്കാരായിരുന്നു ഇരുവരും. ആ സമയത്ത് 27 സിനിമകൾക്കും അത്രത്തോളം ടെലിവിഷൻ ചിത്രങ്ങൾക്കുമായി ഇരുനൂറിലേറെ പാട്ടുകളാണ് റിച്ചാർഡും റോബർട്ടും ചേർന്നൊരുക്കിയത്.

1964ൽ ഇറങ്ങിയ 'മേരി പോപ്പിൻസി'ന്റെ പശ്ചാത്തലസംഗീതവും അതിലെ 'ചിം ചിം ചെറീ'യെന്ന ഗാനവും അവരെ ഓസ്കറിന് അർഹരാക്കി. റോബർട്ട് എഴുതുന്ന പാട്ടുകൾക്ക് റിച്ചാർഡ് ഈണമിടുകയായിരുന്നു പതിവ്. ചിലപ്പോൾ റിച്ചാഡുതന്നെ പാട്ടെഴുതി.

1928 ജൂൺ 12-നാണ് റിച്ച്ഡ് മോർട്ടൻ ഷെർമൻ ജനിച്ചത്. പാട്ടെഴുത്തുകാരനായ അച്ഛൻ അൽ ഷെർമന്റേയും നടി റോസയുടേയും മക്കൾ കലാ രംഗത്ത് അവരേക്കാൾ പ്രശസ്തരായി. ബെവേർലി ഹൈസ്കൂളിൽ റിച്ചാഡ് പിയാനോയും ഫ്ലൂട്ടും പിക്കളോയും പഠിച്ചു. ന്യൂയോർക്കിലെ ബാർഡ് കോളജിൽ സംഗീതവും.

പാട്ടെഴുതാനും വിൽക്കാനും പ്രയാസമാണെന്നുപറഞ്ഞ അച്ഛന്റെ വാക്കുകൾ സഹോദരങ്ങൾ വെല്ലുവിളിയായി ഏറ്റെടുക്കുകയായിരുന്നു. ഓസ്കറും ഗ്രാമിയും നേടി. 2016-ൽ 'ജംഗിൾ ബുക്ക് ' വീണ്ടും സിനിമയായെത്തിയപ്പോൾ റിച്ചാർഡ് അതിനുവേണ്ടി പുതിയ വരികളെഴുതി. 2018-ൽ 'ക്രിസ്റ്റഫർ റോബി'നിലെ പാട്ടുകൾക്ക് ഈണമിട്ടു.

# 'കൂടുതൽ സർപ്രൈസുകൾക്ക് ഒരുങ്ങിയിരിക്കുക'; ഇസ്രായേലിനോട് ഹിസ്ബുല്ല



ബെയ്റൂത്ത്: റഫയിൽ ആക്രമണം കടുപ്പിക്കുന്നതിനിടെ ഇസ്രായേലിനു ഭീഷണിയുമായി ഹിസ്ബുല്ല. കൂടുതൽ അപ്രതീക്ഷിത നീക്കങ്ങൾ കാത്തിരുന്നോളൂവെന്ന് ഹിസ്ബുല്ല സെക്രട്ടറി ജനറൽ ഹസൻ നസ്റുല്ല മുന്നറിയിപ്പ് നൽകി. താങ്കളുടെ ചതിയോ താങ്കളുടെ യജമാനന്മാരുടെ സമ്മർദമോ ഒന്നും വിലപ്പോകില്ലെന്നും ചെറുത്തുനിൽപ്പ് തുടരുമെന്നും അദ്ദേഹം അറിയിച്ചു.

ലബനാനിലെ ചെറുത്തുനിൽപ്പ്-സ്വാതന്ത്ര്യദിന വാർഷികത്തോടനുബന്ധിച്ച് ഹിസ്ബുല്ല പുറത്തുവിട്ട ടെലിവിഷൻ പ്രഭാഷണത്തിലായിരുന്നു ഹസൻ നസ്റുല്ലയുടെ മുന്നറിയിപ്പ്. ഗസ്സ യുദ്ധത്തിലൂടെ ഒരു ലക്ഷ്യവും നേടാൻ ഇസ്രായേലിനായിട്ടില്ലെന്ന് അദ്ദേഹം വിമർശിച്ചു. ഇത് അവരുടെ നേതാക്കൾ തന്നെ സമ്മതിച്ച കാര്യമാണെന്നും പ്രസംഗത്തിൽ സൂചിപ്പിച്ചു.

"ശത്രുവിനു ഒരു ലക്ഷ്യവും നേടാനായിട്ടില്ല. അത് ദേശീയ സുരക്ഷാ കൗൺസിൽ തലവൻ സമ്മതിച്ചതാണ്. ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ച യൂറോപ്യൻ രാജ്യങ്ങളുടെ നടപടി അധിനിവേശകർ നേരിട്ട വലിയ തോൽവിയാണ്. തൂഫാൻ അൽഅഖ്സ പോരാട്ടത്തിന്റെ ഫലമാണത്. തൂഫാൻ അൽഅഖ്സയുടെയും ചെറുത്തുനിൽപ്പ് പോരാട്ടങ്ങളുടെ ദൃഢചിത്തതയുടെയും ഫലമാണ് ഇപ്പോൾ രാജ്യാന്തര ക്രിമിനൽ കോടതിയിൽ ഇസ്രായേൽ നേരിടുന്നത്."

ഇസ്രായേൽ ഒരു കാലത്തും അന്താരാഷ്ട്ര പ്രമേയങ്ങളെ മാനിച്ചിട്ടില്ലെന്നും ഹസൻ നസ്റുല്ല പ്രസംഗത്തിൽ ആരോപിച്ചു. ഐ.സി.ജെ ഉത്തരവ് വന്ന ശേഷവും റഫായിൽ കടുത്ത ആക്രമണമാണ് അവർ അഴിച്ചുവിട്ടത്. നാശത്തിലേക്കാണ് നെതന്യാഹുവിന്റെ പോക്കെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

"നെതന്യാഹു അന്ത്യത്തോടടുക്കുകയാണ്. എതിർനിരയെ ചരിത്രപരവും സുപ്രധാനവുമായൊരു വിജയത്തിലേക്കാണ് അദ്ദേഹം നയിക്കുന്നത്. താങ്കളുടെ ചതിയും നിങ്ങളുടെ യജമാനന്മാരുടെ സമ്മർദവുമൊന്നും വിലപ്പോകില്ല. ഈ ചെറുത്തുനിൽപ്പ് മുന്നോട്ടുപോകും. ഒക്ടോബർ ഏഴിനു നടന്ന ചെറുത്തുനിൽപ്പ് നിങ്ങളെ ഞെട്ടിച്ചതാണ്. ഇനിയും കൂടുതൽ സർപ്രൈസുകൾക്കായി സജ്ജമായിക്കൊള്ളൂ.."

യുദ്ധത്തിലേക്കു പോകുമ്പോൾ ഞങ്ങൾ എപ്പോഴും സുതാര്യമായിരിക്കും. വ്യക്തമായ ലക്ഷ്യങ്ങളുണ്ടായിരിക്കും. ഗസ്സയെ സഹായിക്കലാണ് ഞങ്ങളുടെ പ്രാഥമിക ലക്ഷ്യമെന്നു വ്യക്തമാക്കിയതാണ്. ലബനാനു നേരെയുള്ള ഏതു കടന്നുകയറ്റവും ചെറുക്കുകയാണു രണ്ടാമത്തെ ലക്ഷ്യം. മനഃശാസ്ത്രപരമായി യുദ്ധം ജയിക്കാൻ തനിക്കറിയാമെന്നു ജനങ്ങളെ വിശ്വസിപ്പിക്കാൻ നോക്കുകയാണ് നെതന്യാഹു. എന്നാൽ, ഏതു സൈന്യവുമായാണ് ദക്ഷിണ ലബനാനിലേക്കു പോകുന്നതെന്നാണ് ഇസ്രായേൽ മുൻ പ്രതിരോധ മന്ത്രി അവിഗ്ദർ ലീബർമാൻ പോലും അദ്ദേഹത്തോട് ചോദിച്ചതെന്നും നസ്റുല്ല ചൂണ്ടിക്കാട്ടി.

ഗസ്സയിലെ ഇസ്രായേൽ ആക്രമണത്തിനു പിന്നാലെ ഹമാസിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഹിസ്ബുല്ല രംഗത്തെത്തിയിരുന്നു. ലബനാൻ അതിർത്തിയിൽ നിന്ന് പലതവണയാണ് ഇസ്രായേൽ നഗരങ്ങളും തന്ത്രപ്രധാന മേഖലകളും ലക്ഷ്യമിട്ട് വ്യോമാക്രമണം നടന്നത്. ഹമാസിന്റെ പ്രതിരോധശക്തിക്കു മുന്നിൽ പിടിച്ചുനിൽക്കാനാകാതെ ഇസ്രായേൽ സൈന്യം പതറുമ്പോഴാണു കൂടുതൽ തലവേദന സൃഷ്ടിച്ച് ഹിസ്ബുല്ല ആക്രമണവും വരുന്നത്. ഇപ്പോൾ റഫായിലും ഇസ്രായേൽ പിടിമുറുക്കി ആക്രമണം ശക്തമാക്കിയതോടെ പുതിയ ഭീഷണിയുമായി രംഗത്തെത്തിയിരിക്കുകയാണ് ഹിസ്ബുല്ല സെക്രട്ടറി ജനറൽ ഹസൻ നസ്റുല്ല.

അതിനിടെ, കഴിഞ്ഞ ദിവസം ഹസൻ നസ്റുല്ലയുടെ മാതാവ് ഹജ്ജ ഉമ്മു ഹസൻ അന്തരിച്ചിരുന്നു. ഹിസ്ബുല്ല തന്നെയാണു വിവരം പുറത്തുവിട്ടത്. ലബനാൻ തലസ്ഥാനമായ ബെയ്റൂത്തിലാണ് ഖബറടക്ക ചടങ്ങുകൾ നടക്കുന്നത്. പൊതുരംഗത്ത് പരസ്യമായി പ്രത്യക്ഷപ്പെടാറുന്നതു പതിവില്ലാത്ത ഹിസ്ബുല്ല തലവൻ മാതാവിന്റെ മരണാനന്തര ചടങ്ങുകൾക്ക് എത്തുമോ എന്ന കാര്യം വ്യക്തമല്ല.

# 'മോദി മുഖ്യമന്ത്രിയാകണം'; വീണ്ടും നാക്കുപിഴച്ച് നിതീഷ് കുമാർ



പറ്റ്ന: പ്രധാനമന്ത്രി നരേന്ദ്ര മോദി വീണ്ടും മുഖ്യമന്ത്രിയാകണമെന്ന് നിർദേശിച്ച് ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ. പറ്റ്നയിൽ നടന്ന തെരഞ്ഞെടുപ്പ് പൊതുയോഗത്തിലാണ് നിതീഷിന് നാക്കുപിഴ സംഭവിച്ചത്.

'ഇന്ത്യയിലുടനീളം 400-ലധികം സീറ്റുകൾ നേടണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. നരേന്ദ്ര മോദി വീണ്ടും മുഖ്യമന്ത്രിയാകണം. അപ്പോൾ ഇന്ത്യ വികസിക്കും, ബിഹാർ വികസിക്കും, എല്ലാം സംഭവിക്കും' -നിതീഷ് കുമാർ പറഞ്ഞു.വേദിയിലുണ്ടായിരുന്ന മറ്റു നേതാക്കൾ ഉടൻ തന്നെ 73കാരനായ നിതീഷിനെ തിരുത്തി. താൻ ഉദ്ദേശിച്ചത് നരേന്ദ്ര മോദി വീണ്ടും പ്രധാനമന്ത്രിയായി വരണമെന്നാണെന്ന് പിന്നീട് നിതീഷ് പറഞ്ഞു. നിലവിൽ നരേന്ദ്ര മോദി പ്രധാനമന്ത്രിയാണ്. അദ്ദേഹം അതേരീതിയിൽ മുന്നോട്ടുപോകണമെന്ന് ഞാൻ പറയുകയാണ്. അതാണ് എനിക്ക് വേണ്ടതെന്നും നിതീഷ് കൂട്ടിച്ചേർത്തു.2020-ൽ അന്തരിച്ച രാം വിലാസ് പാസ്വാന് വോട്ട് ചെയ്യാൻ കഴിഞ്ഞദിവസം തെരഞ്ഞെടുപ്പ് റാലിയിൽ നിതീഷ് കുമാർ ആഹ്വാനം ചെയ്തിരുന്നു. ഇതിന് പിന്നാലെയാണ് പുതിയ അബദ്ധം സംഭവിക്കുന്നത്. തെരഞ്ഞെടുപ്പിൽ എൻ.ഡി.എ 4000 സീറ്റുകൾ നേടുമെന്നും ബിഹാർ മുഖ്യമന്ത്രി നേരത്തെ പറഞ്ഞിരുന്നു.

# മൂത്രം കുടിച്ചപ്പോൾ ക്യാൻസർ മാറി, കൊല്ലം തുളസി

തൃശൂർ: എന്ത് അസുഖമുണ്ടെങ്കിലും മൂത്രം കുടിച്ചാൽ മതിയെന്നും ആശുപത്രിയിൽ കയറിയിറങ്ങേണ്ട കാര്യമില്ലെന്നും ആവർത്തിച്ച് നടൻ കൊല്ലം തുളസി. മനുഷ്യമൂത്രത്തിന്റെ ഔഷധഗുണങ്ങളും ശാസ്ത്രീയതയും ചർച്ചചെയ്യാൻ ചേർന്ന യൂറിൻ തെറാപ്പി സംസ്ഥാന സമ്മേളനത്തിലാണ് തുളസിയുടെ പരാമർശം. താൻ കാൻസറിനെ അതിജീവിച്ചത് മൂത്രം കുടിച്ചതുകൊണ്ടാണെന്നും പലരും പല രോഗങ്ങൾക്കും മൂത്രം കുടിക്കുന്നുണ്ടെങ്കിലും പുറത്തു പറയാതിരിക്കുകയാണെന്നും നടൻ പറഞ്ഞു.എല്ലാ വൈദ്യശാസ്ത്രവും പരാജയപ്പെടുമ്പോഴാണ് നമ്മൾ മറ്റുവഴികൾ നോക്കുന്നത്. എനിക്ക് ക്യാൻസർ പിടിപെട്ടപ്പോൾ അതിനെ അതിജീവിക്കാൻ പല വഴികളും തേടി.ഒടുവിലാണ് യൂറിൻ തെറാപ്പിയെപ്പറ്റി അറിഞ്ഞത്. അതിലൂടെയാണ് രോഗത്തെ അതിജീവിച്ചതും. ഇപ്പോൾ എനിക്ക് 75 വയസ്സുണ്ട്. ഇനിയൊരു 25 വർഷം കൂടി ജീവിക്കണമെന്നാണ് ആഗ്രഹമെന്നും കൊല്ലം തുളസി പറയുന്നു.എന്ത് അസുഖത്തിനും എനിക്ക് രക്ഷകനായി മൂത്രമുണ്ട്. ഇതിന് വലിയ ആശുപത്രിയിൽ പോവുകയോ ഡോക്ടറെ കാണുകയോ, മെഡിക്കൽ സ്റ്റോറിൽ പോവുകയോ ഒന്നും വേണ്ട, മറിച്ച് മൂത്രം കുടിച്ചാൽ മതി. പലരും പല അസുഖത്തിനും മൂത്രം കുടിക്കാറുണ്ടെങ്കിലും പുറത്ത് പറയാൻ മടിക്കുകയാണെന്നും കൊല്ലം തുളസി കൂട്ടിച്ചേർത്തു.

# റെമാൽ ചുഴലിക്കാറ്റിൽ കനത്ത നാശനഷ്ടം, ഒരു മരണം; നിർത്തിവച്ച വിമാന സർവീസുകൾ പുനരാരംഭിച്ചു



കൊൽക്കത്ത: കനത്ത നാശനഷ്ടങ്ങൾ വിതച്ച് റെമാൽ ചുഴലിക്കാറ്റ് പശ്ചിമബംഗാളിൽ കരതൊട്ടു. കനത്ത മഴയിലും കാറ്റിലും ഭിത്തി ഇടിഞ്ഞുവീണ് ഒരാൾ മരിച്ചു. ഞായറാഴ്ച രാത്രിയോടെ പശ്ചിമബംഗാളിന്റെയും ബംഗ്ലാദേശിന്റെയും തീരപ്രദേശത്താണ് ചുഴലിക്കാറ്റ് കരതൊട്ടത്.

കനത്ത നാശനഷ്ടങ്ങളാണ് ചുഴലിക്കാറ്റ് രണ്ടുസ്ഥലങ്ങളിലും വരുത്തിയിട്ടുള്ളതെന്ന് അധികൃതർ അറിയിച്ചു. ചുഴലിക്കാറ്റ് ഏതുസമയത്തും കരതൊടാം എന്ന് അറിയിപ്പിനെ തുടർന്ന് ഞായറാഴ്ച ഉച്ചയോടെ നിർത്തിവെച്ച വിമാന സർവീസുകൾ കൊൽക്കത്തയിൽ പുനഃരാരംഭിച്ചു.

തിങ്കളാഴ്ച വൈകുന്നേരത്തോടെ ചുഴലിക്കാറ്റിന്റെ ശക്തി കുറഞ്ഞ് പതിയെ ഇല്ലാതാകുമെന്ന് ഐ.എം.ഡി. അറിയിച്ചു. കനത്ത കാറ്റിലും മഴയിലും ഒരാൾക്ക് പരിക്കേറ്റിട്ടുണ്ട്. മറ്റ് അപകടങ്ങളോ ജനങ്ങൾക്ക് പരിക്കോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങളിൽനിന്നും മറ്റ് അപകട മേഖലകളിൽനിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുന്നത് തുടരുകയാണെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ഒരുലക്ഷത്തിലധികം ജനങ്ങളെ ഇതിനോടകം സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയതായാണ് കണക്ക്.

ഞായറാഴ്ച രാത്രി 8.30-ഓടെ ബംഗാളിലെ സാഗർ ദ്വീപനിനും ബംഗ്ലാദേശിലെ ഖെപുപറയിലുമായി മണിക്കൂറിൽ 135 കിലോമീറ്റർ വേഗതയിലാണ് ചുഴലിക്കാറ്റ് കരതൊട്ടത്.

# സ്വീകരണം നൽകി



ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച് തിരുവനന്തപുരത് വച്ചു നടന്ന ചടങ്ങിൽ ഭിഷക് പ്രവീൺ പുരസ്കാരം (25000 രൂപയും ഫലകവും ) ലഭിച്ച ചെലവൂർ ഷാഫി ദവ ഖാന ചെയർമാനും ചീഫ് ഫിസിഷനുമായ ഡോക്ടർ.സി.സഹീർ അലിക്ക് 27/5/24 തിങ്കൾ രാവിലെ 9 മണിക്ക് ഷാഫി ദവ ഖാന അംഗണത്തിൽ സ്വീകരണം നൽകി. പരിപാടിയിൽ അഡ്വ: സിഎം ജംഷീർ (കൗൺസിലർ കോഴിക്കോട് കോർപറേഷൻ ) ഉപഹാരസമർപ്പണം നടത്തി. കൗൺസിലർ ശ്രി എംപി ഹമീദ് അധ്യക്ഷനായി. എ മുസഹാജി,വി സീതി ഹാജി ഗുരുക്കൾ,ശശി മാലായിൽ എന്നിവർ പൊന്നാട അണിയിച്ചു.

ആഷിക് ചെലവൂർ ശശി മാലായിൽ, ഡോക്ടർ ജോർജ് ,വീ ജോസഫ് എന്നിവർ ആശംസ പ്രസംഗം നടത്തി. ഡോക്ടർ സഹീർ അലി മറുവടി പ്രസംഗം നടത്തി. ഷാഫി ദവ ഖാന ജനറൽ മാനേജർ എ.മൂസാ ഹാജി സ്വാഗതവും പ്രൊ കെ. ബഷീർ നന്ദിയും പറഞ്ഞു.

# പുനെ അപകടം: 17കാരനെ 'രക്ഷിക്കാനായി' രക്തസാമ്പിൾ റിപ്പോർട്ടിൽ കൃത്രിമം നടത്തി; രണ്ടു ഡോക്ടർമാർ അറസ്റ്റിൽ

മുംബൈ: പുനെയിൽ മദ്യലഹരിയിൽ 17കാരൻ ഓടിച്ച ആഡംബര കാർ ഇടിച്ച് രണ്ടുപേർ മരിച്ച കേസിൽ രണ്ടു ഡോക്ടർമാർ അറസ്റ്റിൽ. 17കാരനെ രക്ഷിക്കാനായി രക്തസാമ്പിൾ റിപ്പോർട്ടിൽ കൃത്രിമം നടത്തി എന്ന ആരോപണത്തിലാണ് നടപടി. പുനെ സസൂൺ ജനറൽ ആശുപത്രി ഫൊറൻസിക് മേധാവിയെയും മറ്റൊരു ഡോക്ടറെയുമാണ് പുനെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തത്.

17കാരൻ ഓടിച്ച കാർ ഇടിച്ച് 24 വയസുള്ള രണ്ട് സോഫ്റ്റ് വെയർ എൻജിനീയർമാർ ആണ് മരിച്ചത്. രാത്രിയിൽ 17കാരൻ മദ്യപിച്ച് വാഹനമോടിച്ചതിനെ തുടർന്ന് ഉണ്ടായ അപകടത്തിൽ രണ്ടുപേർ മരിച്ചു എന്നതാണ് കേസ്. ആൽക്കഹോളിന്റെ അംശം 17കാരന്റെ ശരീരത്തിൽ ഇല്ലെന്നതായിരുന്നു തുടക്കത്തിലെ രക്തസാമ്പിൾ റിപ്പോർട്ടിൽ പറയുന്നത്. ഇതിൽ കൃത്രിമം നടന്നതായി അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ക്രൈംബ്രാഞ്ച് നടപടി.

ഡോ. ജയ് തവാഡെ, ഡോക്ടർ ഹരി ഹാർനോർ എന്നിവരെയാണ് പുനെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തത്. പുനെയിലെ സർക്കാർ ആശുപത്രിയിലെ ഫോറൻസിക് ലാബിന്റെ തലവനാണ് ഡോ തവാഡെ. രണ്ട് ഡോക്ടർമാരുടെയും ഫോണുകൾ പിടിച്ചെടുത്തിട്ടുണ്ട്. സംഭവദിവസം ഡോ. തവാഡെയും പ്രതിയുടെ പിതാവും ഫോണിൽ സംസാരിച്ചിരുന്നതായി അന്വേഷണത്തിൽ തെളിഞ്ഞതായി പൊലീസ് വൃത്തങ്ങൾ അറിയിച്ചു.ഇപ്പോൾ ഒബ്സർവേഷൻ ഹോമിൽ കഴിയുന്ന 17കാരന്റെ ആദ്യ രക്തസാമ്പിൾ പരിശോധന റിപ്പോർട്ട് നെഗറ്റീവായിരുന്നു. എന്നാൽ അന്നേദിവസം രാത്രി 17കാരൻ സന്ദർശിച്ച ബാറുകളിൽ ഒന്നിലെ സിസിടിവി ദൃശ്യങ്ങളിൽ നിന്ന് 17കാരൻ സുഹൃത്തുക്കളോടൊപ്പം മദ്യപിക്കുന്നത് വ്യക്തമാണെന്ന് പൊലീസ് വൃത്തങ്ങൾ പറയുന്നു.

17കാരന്റെ ആദ്യ രക്തസാമ്പിളിൽ മദ്യത്തിന്റെ അംശം ഇല്ലായിരുന്നുവെങ്കിലും രണ്ടാമത്തേതിൽ മദ്യം ഉണ്ടായിരുന്നതായി പൊലീസ് വൃത്തങ്ങൾ അറിയിച്ചു. ഇത് സംശയം ജനിപ്പിച്ചതിനെ തുടർന്ന് ഡിഎൻഎ പരിശോധന നടത്തി. ഡിഎൻഎ പരിശോധനയിൽ സാമ്പിളുകൾ വ്യത്യസ്ത ആളുകളിൽ നിന്നുള്ളതാണെന്ന് കണ്ടെത്തി. അതായത് 17കാരന്റെ രക്തസാമ്പിൾ മറ്റൊരാളുടെ രക്തസാമ്പിളുമായി മാറ്റിയാണ് കൃത്രിമം നടത്തിയത്. 17കാരൻ മദ്യപിച്ചിരുന്നില്ലെന്ന് വരുത്തി തീർക്കാനാണ് ശ്രമിച്ചതെന്നും പൊലീസ് വൃത്തങ്ങൾ പറയുന്നു.

# ഒഡിഷയിൽ പോളിങ് ബൂത്ത് കൈയേറി ഇ. വി. എം തകർത്ത് ബി. ജെ. പി സ്ഥാനാർഥി; അറസ്റ്റ്



ഭുവനേശ്വർ: ഒഡിഷയിൽ പോളിങ് ബൂത്തിൽ ബി.ജെ.പി സ്ഥാനാർഥിയുടെ അതിക്രമം. ഖോർധ ജില്ലയിലെ ബെഗുനിയ നിയമസഭാ മണ്ഡലത്തിൽ ബി.ജെ.പി സ്ഥാനാർഥിയായ പ്രശാന്ത കുമാർ ജഗദേവ് ആണ് പ്രവർത്തകർക്കൊപ്പം ബൂത്ത് കൈയേറി ഉദ്യോഗസ്ഥരെ കൈയേറ്റം ചെയ്യുകയും പരാക്രമം അഴിച്ചുവിടുകയും ചെയ്തത്. ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉൾപ്പെടെയുള്ള പോളിങ് സാമഗ്രികൾ തകർക്കുകയും ചെയ്ത ഇയാളെ പൊലീസ് അറസ്റ്റ് ചെയ്തു.

നിലവിൽ ചിൽക എം.എൽ.എയാണ് പ്രശാന്ത. ഇന്നലെ ഉച്ചയോടെയാണ് വോട്ടിങ് പുരോഗമിക്കുന്നതിനിടെ ബെഗുനിയയിലെ കുവാൻരിപട്നയിലെ പോളിങ് ബൂത്തിൽ ഇദ്ദേഹം അനുയായികൾക്കൊപ്പം എത്തിയത്. ബൂത്തിനകത്ത് കയറാനുള്ള ശ്രമം പോളിങ് ഉദ്യോഗസ്ഥർ തടയാൻ ശ്രമിച്ചതോടെ വാക്കുതർക്കമായി. തുടർന്ന് ബൂത്തിലേക്ക് അതിക്രമിച്ചുകയറി ഉദ്യോഗസ്ഥരെ കൈയേറ്റം ചെയ്യുകയും ഇ.വി.എം ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ കേടുവരുത്തുകയും ചെയ്തത്.

ഇതോടെ ബൂത്തിൽ മണിക്കൂറുകളോളം വോട്ടിങ് തടസപ്പെട്ടു. ബൂത്ത് കൈയേറ്റ വിവരമറിഞ്ഞ് പൊലീസ് എത്തിയപ്പോഴേക്കും എം.എൽ.എയും സംഘവും സ്ഥലം കാലിയാക്കിയിരുന്നു. തുടർന്ന് വാഹനം പിന്തുടർന്ന് തടഞ്ഞാണ് പൊലീസ് പ്രശാന്ത ജഗദേവനെ അറസ്റ്റ് ചെയ്തത്. രക്ഷപ്പെടുമ്പോൾ ബി.ജെ.പിയുടെ ഭുവനേശ്വർ ലോക്സഭാ സ്ഥാനാർഥി അപരാജിത സാരംഗിയും എം.എൽ.എയുടെ വാഹനത്തിലുണ്ടായിരുന്നു. പ്രശാന്ത നിലവിൽ ബെഗുനിയ സ്റ്റേഷനിൽ പൊലീസ് കസ്റ്റഡിയിലാണുള്ളത്.

പോളിങ് ബൂത്തിൽ അതിക്രമം നടത്തിയെന്ന വാർത്തകൾ നിഷേധിച്ച പ്രശാന്ത പൊലീസ് സ്റ്റേഷനിൽ കുത്തിയിരുന്നു പ്രതിഷേധിച്ചു. യാദൃച്ഛികമായി നിലത്ത് വീണാണ് ഇ.വി.എം കേടായതെന്നും അദ്ദേഹം വാദിച്ചു. തന്നെ വെറുതെ കേസിൽ കുടുക്കാനുള്ള ശ്രമമാണെന്നും ബൂത്തിലെ സി.സി. ടി.വി ദൃശ്യങ്ങൾ പരിശോധിക്കണമെന്നും ബി.ജെ.പി നേതാവ് ആവശ്യപ്പെട്ടിട്ടുണ്ട്.

സംഭവത്തിൽ അന്വേഷണമാരംഭിച്ചതായി ഒഡിഷ തെരഞ്ഞെടുപ്പ് കമ്മിഷണർ നികുഞ്ജ ബിഹാരി അറിയിച്ചു. പരാതി സത്യമാണെന്നു തെളിഞ്ഞാൽ കുറ്റവാളികൾക്കെതിരെ ശക്തമായ നടപടിയുണ്ടാകും. സംഭവത്തിൽ ഇ.വി.എം കൺട്രോൾ യൂനിറ്റ് കേടായിട്ടുണ്ട്. ഇതു പരിഹരിച്ച ശേഷം വോട്ടിങ് തുടർന്നെന്നും കമ്മിഷണർ പറഞ്ഞു. പ്രശാന്തയ്ക്കെതിരെ ശക്തമായ നടപടി വേണമെന്ന് ആവശ്യപ്പെട്ട് ബി.ജെ.ഡി മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണർക്ക് കത്തയച്ചിട്ടുണ്ട്.

മുൻപും മോശം പെരുമാറ്റത്തിനു പേരുകേട്ടയാളാണ് പ്രശാന്ത ജഗദേവ്. 2014ൽ ബിജു ജനതാദൾ(ബി.ജെ.ഡി) ടിക്കറ്റിലാണ് അദ്ദേഹം ചിൽകയിൽനിന്ന് ആദ്യമായി നിയമസഭയിലെത്തുന്നത്. ബൗധ് ജില്ലയിൽ നടന്ന ഒരു പരിപാടിക്കിടെ ബി.ജെ.ഡി നേതാക്കൾക്കുനേരെ കരിങ്കൊടി കാണിച്ച ബി.ജെ.പി പ്രവർത്തകരെ മർദിക്കുന്ന ദൃശ്യങ്ങൾ ആ സമയത്ത് വ്യാപകമായി പ്രചരിച്ചിരുന്നു.

2016ൽ വനിതാ തഹസിൽദാറെ മർദിച്ചു വീണ്ടും വാർത്തകളിൽ നിറഞ്ഞു. സർക്കാർ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കുന്നതിനിടെയായിരുന്നു ഉദ്യോഗസ്ഥയ്ക്കെതിരെ എം.എൽ.എയുടെ അതിക്രമം.

# ഭക്ഷണം കൈകൊണ്ട് കുഴച്ച് തന്നെ കഴിക്കാം; ദഹനം മുതൽ പ്രതിരോധശേഷി വരെ മെച്ചപ്പെടും

ഭക്ഷണം കൈകൊണ്ട് കുഴച്ച് കഴിക്കുന്നതിന്റെ സുഖം ഒരു ഫോർക്കിനും സ്പൂണിലും നൽകാനാകില്ല. ഇന്ത്യയിലും ?ഗ്രീസിലും ഈജിപ്തിലുമായി ഉടലെടുത്ത ഈ പാരമ്പര്യം മികച്ച ഒരു ആരോ?ഗ്യശീലം കൂടിയാണെന്ന് പറയുകയാണ് ആരോ?ഗ്യവിദ?ഗ്ധർ. ഇന്ത്യയിലെ പാരമ്പരാഗത ഭക്ഷണങ്ങളെല്ലാം ഇത്തരത്തിൽ കൈകൾ കൊണ്ട് കുഴച്ച് കഴിക്കുന്ന തരത്തിൽ രൂപപ്പെടുത്തിയിരിക്കുന്നതാണ്. എന്നാൽ പല പുത്തൻ പരിഷ്കരണങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം ഇന്ത്യൻ പ്രദേശങ്ങളിലും കൈകൾ കൊണ്ടാണ് ആളുകൾ ഭക്ഷണം കഴിക്കുന്നത്.

കൈകൊണ്ട് കഴിക്കുന്നതിലൂടെ ദഹനം മുതൽ പ്രതിരോധ ശേഷി വരെ മെച്ചപ്പെടുത്താൻ സാധിക്കും. ഭക്ഷണത്തെ വിരലുകൾ കൊണ്ട് തൊടുമ്പോൾ നമ്മൾ കഴിക്കാൻ തയ്യാറാണെന്ന് തലച്ചോറിലേക്ക് സിഗ്നൽ നൽകുന്നു. ഇത് ദഹന പ്രക്രിയയ്ക്കായി നമ്മുടെ വയറിനെയും മറ്റ് അവയവങ്ങളെയും തെയ്യാറാക്കുന്നു. നമ്മൾ എന്ത് കഴിക്കുന്നു, എത്രത്തോളം കഴിക്കുന്നു, എത്ര വേഗത്തിൽ കഴിക്കുന്നു എന്നതിനെ കുറിച്ച് കൂടുതൽ ശ്രദ്ധാലുവായിരിക്കാനും കൈകൊണ്ട് ഭക്ഷണം കഴിക്കുന്നത് സഹായിക്കും.

**കൈകൊണ്ട് ഭക്ഷണം കഴിക്കുന്നതു കൊണ്ടുള്ള ഗുണങ്ങൾ**

1- രക്തചംക്രമണം മെച്ചപ്പെടും

കൈകൾ കൊണ്ട് ഭക്ഷണം കഴിക്കുന്നത് വിരലുകളുടെയും കൈ പേശികളുടെയും ചലനം ഉണ്ടാവുകയും രക്തചംക്രമണം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഇത് സന്ധികളിലെ കാഠിന്യം കുറയ്ക്കുന്നു.

2- ദഹനം മെച്ചപ്പെടും

കൈകൾ കൊണ്ട് ഭക്ഷണം കഴിക്കുന്നത് വായയിലും ആമാശയത്തിലും ദഹന എൻസൈമുകളുടെ ഉൽപാദനത്തെ ഉത്തേജിപ്പിക്കും. ഇത് ദഹനം മെച്ചപ്പെടുത്തും. വീക്കം, ഗ്യാസ് എന്നിവ തടയുകയും ചെയ്യുന്നു.

3- അമിതമായി ഭക്ഷണം കഴിക്കുന്നത് തടയുന്നു

കൈകൾ കൊണ്ട് ഭക്ഷണം കഴിക്കുന്നത് ഭക്ഷണത്തിന്റെ രുചി, ഘടന, മണം എന്നിവയെ കുറിച്ച് നമ്മളെ കൂടുതൽ ബാധവാന്മാരാക്കും. ഇത് സംതൃപ്തി നൽകും. കൂടാതെ അമിതമായി ഭക്ഷണം കഴിക്കുന്നതിൽ നിന്നും നമ്മെ തടയുകയും ആരോഗ്യകരമായ ശരീരഭാരം നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്നു.

4- രക്തത്തിലെ പഞ്ചസാരയുടെ അളവു നിയന്ത്രിക്കും

കൈകൾകൊണ്ട് ഭക്ഷണം കഴിക്കുന്നത് ഭക്ഷണം കഴിക്കുന്നതിന്റെ വേഗത കുറയ്ക്കും. ഇത് ഭക്ഷണത്തിന്റെ ഗ്ലൈസെമിക് സൂചിക കുറയ്ക്കുകയും രക്തത്തിലെ പഞ്ചസാരയുടെ അളവു നിയന്ത്രിക്കുകയും ചെയ്യുന്നു.

5-പ്രതിരോധ ശേഷി വർധിപ്പിക്കുന്നു

കൈകൾ കൊണ്ട് ഭക്ഷണം കഴിക്കുന്നത് നമ്മുടെ ചർമ്മത്തിലും വായയിലും കുടലിലും വസിക്കുന്ന ചില ഗുണകരമായ ബാക്ടീരിയകളെ പ്രോത്സാഹിപ്പിക്കും. ഈ ബാക്ടീരിയകൾക്ക് അണുബാധയിൽ നിന്നും നമ്മെ സംരക്ഷിക്കാനും പ്രതിരോധശേഷി ശക്തിപ്പെടുത്താനും കഴിയും.

**സ്ത്രീധനം പോര, ഭാര്യയെ മരംമുട്ടികൊണ്ട് തലക്കടിച്ച് കൊല്ലാൻ ശ്രമിച്ച ഭർത്താവ് അറസ്റ്റിൽ**

തൃശൂർ: ഇരിങ്ങാലക്കുടയിൽ സ്ത്രീധനം പോരെന്ന് ആരോപിച്ച് ഭർത്താവ് ഭാര്യയെ കൊല്ലാൻ ശ്രമിച്ചു. മരംമുട്ടികൊണ്ട് തലയ്ക്കടിച്ച് കൊല്ലാനാണ് ശ്രമം നടത്തിയത്. ആക്രമണത്തിൽ കേസെടുത്ത പൊലീസ് പുത്തൻചിറ സ്വദേശി ലിബുമോൻ എന്ന ലിബിനെ അറസ്റ്റ് ചെയ്തു. മെയ് 22 നാണ് ലിബിൻ ഭാര്യയെ ആക്രമിച്ചത്.

ജോലിക്ക് പോകുന്ന കാര്യം ഭാര്യ അറിയിച്ചില്ലെന്ന് ആരോപിച്ചാണ് ലിബിൻ ആക്രമിച്ചത്. ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ യുവതി സമീപത്തെ വീട്ടിലേക്ക് ഓടിക്കയറി. ആക്രമണത്തിന് പിന്നാലെ ഒളിവിൽ പോയ പ്രതിയെ വയനാട്ടിൽ നിന്നാണ്ഇ രിങ്ങാലക്കുട പൊലീസ് അറസ്റ്റ് ചെയ്തത്.

സ്ത്രീധനമായി ഭാര്യക്ക് ലഭിച്ച 25 പവൻ സ്വർണവും ഒരു ലക്ഷം രൂപയും പ്രതി ചെലവഴിച്ചിരുന്നു. പണം തീർന്നതോടെ സ്ത്രീധനം പോരെന്ന് പറഞ്ഞ് ഭാര്യയെ ഇയാൾ നിരന്തരമായി മർദ്ദിക്കുമായിരുന്നെന്ന് പൊലീസ് വ്യക്തമാക്കി.

# കുവൈത്തിൽ സിവിൽ ഐ.ഡി കാർഡുകളിലെ മേൽവിലാസം മാറിയവർ ഒരു മാസത്തിനുള്ളിൽ അപ്ഡേറ്റ് ചെയ്യണം

കുവൈത്ത് സിറ്റി: സിവിൽ ഐ.ഡി കാർഡുകളിലെ അഡ്രസ്സ് പരിശോധിക്കാൻ സ്വദേശികൾക്കും പ്രവാസികൾക്കും നിർദ്ദേശം നൽകി പബ്ലിക് അതോറിറ്റി ഫോർ സിവിൽ ഇൻഫർമേഷൻ. മേൽവിലാസം മാറിയവർ തങ്ങളുടെ അഡ്രസ്സ് ഒരു മാസത്തിനുള്ളിൽ അപ്ഡേറ്റ് ചെയ്യണമെന്ന് പബ്ലിക് അതോറിറ്റി അറിയിച്ചു. കെട്ടിടങ്ങൾ പൊളിച്ചതിനെ തുടർന്നും കെട്ടിട ഉടമകൾ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തത് അനുസരിച്ച് 5500 പേരുടെ സിവിൽ ഐഡി കാർഡുകളിൽ നിന്ന് അഡ്രസ്സുകൾ നീക്കം ചെയ്തതായി പാസി അധികൃതർ അറിയിച്ചു. താമസം മാറിയവർ തങ്ങളുടെ പുതിയ വിലാസങ്ങൾ മെയ് 26 ഞായറാഴ്ച മുതൽ 30 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണമെന്ന് പാസി ഡയറക്ടർ ജനറൽ മൻസൂർ അൽ -മുസ പറഞ്ഞു.

ഈ കാലയളവിൽ മേൽവിലാസം അപ്ഡേഷൻ ചെയ്യുന്നതിൽ പരാജയപ്പെടുന്നവർക്ക് 100 ദിനാർ പിഴയും നിയമ നടപടികളും നേരിടേണ്ടി വരുമെന്ന് അധികൃതർ വ്യക്തമാക്കി.അഡ്രസ്സ് നീക്കം ചെയ്തവർക്ക് പാസിയിൽ നിന്നും എസ്.എം.എസ് നോട്ടിഫിക്കേഷൻ ലഭിക്കും. തുടർന്ന് 30 ദിവസത്തിനുള്ളിൽ പ്രതികരിച്ചില്ലെങ്കിൽ, കുവൈത്ത് മൊബൈൽ ഐഡി ആപ്ലിക്കേഷനിൽ നിന്ന് സിവിൽ കാർഡ് സസ്പെൻഡ് ചെയ്യുകയും റദ്ദാക്കുകയും ചെയ്യുമെന്ന് പാസി അധികൃതർ അറിയിച്ചു. വാടക കരാർ, വാടക രസീത്, സിവിൽ ഐ.ഡി കോപ്പി എന്നീ രേഖകളുമായി പാസി ഹെഡ് ഓഫീസിലോ, ബ്രാഞ്ചുകളിൽ നിന്നോ കാർഡ് ഡാറ്റ അപ്ഡേറ്റ് ചെയ്യാൻ സാധിക്കും. നേരിട്ട് സന്ദർശിക്കാതെ സർക്കാർ ഏകീകൃത ആപ്പായ സഹൽ വഴിയും നടപടിക്രമങ്ങൾ പൂർത്തീകരിക്കാം.

# സിറിയയിലേക്ക് സൗദി അറേബ്യ സ്ഥാനപതിയെ നിയമിച്ചു

റിയാദ്: നീണ്ട വർഷങ്ങൾക്ക് ശേഷം സിറിയയിൽ സൗദി വീണ്ടും സ്ഥാപനപതിയെ നിയമിച്ചു. ഫൈസൽ അൽ മുജഫലിനെ സറിയയിലെ സ്ഥാനപതിയായി നിയോഗിച്ചതായി സൗദി പ്രസ് ഏജൻസി റിപ്പോർട്ട് ചെയ്തു. ആഭ്യന്തര യുദ്ധത്തെ തുടർന്ന് 2012ൽ സിറിയയിലെ സൗദി എംബസി താൽക്കാലികമായി അടച്ചു പൂട്ടി. പിന്നീട് പ്രവർത്തനങ്ങൾ പൂർണ്ണമായും നിലക്കുകയും ചെയ്തു. തുടർന്ന് സൗദിയിലെ സിറിയൻ എംബസിയും അടച്ചു പൂട്ടി.

നീണ്ട ഇടവേളക്ക് ശേഷം പിന്നീട് ഈ വർഷം തുടക്കത്തിലാണ് ദമസ്കസിൽ സൗദിയുടെ എംബസി വീണ്ടും പ്രവർത്തനമാരംഭിച്ചത്. എന്നാൽ ഇത് വരെ സ്ഥാനപതിയെ നിയോഗിച്ചിട്ടില്ലായിരുന്നു. ഈ ഒഴിവിലേക്കാണ് പുതിയ പ്രതിനിധിയെ രാജ്യം നിയോഗിച്ചത്.

കഴിഞ്ഞ വർഷം സിറിയ റിയാദിലെ എംബസി തുറക്കുകയും ഡിസംബറിൽ സ്ഥാനപതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

# ഫലസ്തീൻ ഐക്യദാർഢ്യവുമായി ഗ്രൗണ്ടിലിറങ്ങി യുവാവ്

ലണ്ടൻ: ഇംഗ്ലണ്ട്-പാകിസ്താൻ ട്വന്റി 20 മത്സരത്തിനിടെ ഫലസ്തീൻ പതാകയുമായി കളത്തിലിറങ്ങി ആരാധകൻ. പാകിസ്താൻ ബാറ്റിങ്ങിനിടെയാണ് ഗ്യാലറിയിൽ നിന്ന് സുരക്ഷാ ജീവനക്കരെ വെട്ടിച്ച് ഗ്രൗണ്ടിലിറങ്ങിയത്. ബിർമിങ്ഹാമിലെ എഡ്ജ്ബാസ്റ്റൺ സ്റ്റേഡിയത്തിലെ രണ്ടാം ടി20യ്ക്കിടെയാണ് സംഭവം. ഇഫ്തീഖർ അഹമ്മദും ഇമാദ് വസീമും ആയിരുന്നു ഈ സമയം ക്രീസിലുണ്ടായിരുന്നത്. ആരാധകന് പിന്നാലെയെത്തിയ സുരക്ഷാ ജീവനക്കാർ യുവാവിനെ കീഴ്പ്പെടുത്തി സ്റ്റേഡിയത്തിന് പുറത്തേക്ക് കൊണ്ടുപോയി. തുടർന്ന് അൽപ്പ സമയത്തേക്ക് മത്സരം തടസ്സപ്പെട്ടെങ്കിലും പിന്നീട് പുനഃരാരംഭിച്ചു. ഗസ വംശഹത്യയിൽ ഇസ്രായേലിനെതിരെ ലോകമാകെ പ്രതിഷേധം ഉയർന്നുവരുന്ന വരികയാണ്.

നാല് മത്സരങ്ങളടങ്ങിയ പരമ്പരയിലെ ആദ്യ മത്സരം മഴമൂലം ഉപേക്ഷിച്ചിരുന്നു. രണ്ടാം ടി20യിൽ ഇംഗ്ലണ്ട് 23 റൺസിന്റെ വിജയമാണ് സ്വന്തമാക്കിയത്. ഐപിഎല്ലിനിടെ നാട്ടിലേക്ക് മടങ്ങിയ രാജസ്ഥാൻ റോയൽസ് താരം ജോസ് ബട്‌ലർ വെടിക്കെട്ട് ഇന്നിംഗ്സുമായി ഇംഗ്ലണ്ടിനെ വിജയത്തിലെത്തിച്ചു. ആദ്യം ബാറ്റുചെയ്ത ഇംഗ്ലണ്ട് നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 183 റൺസ് മുന്നോട്ടുവെച്ചപ്പോൾ പാക് പോരാട്ടം 160 റൺസിൽ അവസാനിച്ചു. 51 പന്തിൽ 84 റൺസെടുത്ത ക്യാപ്റ്റൻ ജോസ് ബട്‌ലറാണ് ഇംഗ്ലണ്ടിനെ മികച്ച സ്കോറിലെത്തിച്ചത്.

21 പന്തിൽ 45 റൺസെടുത്ത ഫഖർ സമാൻ, 26 പന്തിൽ 32 റൺസെടുത്ത ബാബർ അസം, 13 പന്തിൽ 22 റൺസെടുത്ത ഇമാദ് വസിം എന്നിവരാണ് പാകിസ്താനായി പൊരുതി. പക്ഷേ അവസാന ഓവറുകളിൽ വരിഞ്ഞുമുറക്കിയ ഇംഗ്ലീഷ് ബൗളർമാർക്ക് മുന്നിൽ പാകിസ്താൻ വിറച്ചു. ഇംഗ്ലണ്ടിനായി റീസ് ടോപ്ലി മൂന്നും മുഈൗൻ അലി, ജോഫ്ര ആർച്ചർ എന്നിവർ രണ്ടും വിക്കറ്റുകൾ വീതം വീഴ്ത്തി.





യുഎസിലേക്ക് പുറപ്പെടാനായി മുംബൈ വിമാനത്താവളത്തിലെത്തിയ ഇന്ത്യൻ ടീം അംഗങ്ങൾ

# കൊൽക്കത്തയ്ക്ക് മൂന്നാം ഐപിഎൽ കിരീടം

ചെന്നൈ: ഗ്രൂപ്പ് ഘട്ടത്തിലോ പ്ലേഓഫിലോ കാഴ്ചവെച്ച പ്രകടനത്തിന്റെ നിഴൽപോലുമായിരുന്നില്ല ഫൈനലിൽ സൺറൈസേഴ്സ് ഹൈദരാബാദ്. മിച്ചൽ സ്റ്റാർക്കും ആന്ദ്രെ റസലും ഹർഷിത് റാണയും ചേർന്ന് പേരുകേട്ട ഹൈദരാബാദ് ബാറ്റിങ് ലൈനപ്പിന്റെ അടിവേര് മാന്തി. സീസണിലെ ഏറ്റവും അപകടകാരികളായ ട്രാവിസ് ഹെഡ്-അഭിഷേക് ശർമ സഖ്യത്തെ കേവലം ആറ് റൺസിനിടെ തിരികെയയക്കാൻ കൊൽക്കത്തക്കായി.ചെന്നൈ ചെപ്പോക്ക് സ്റ്റേഡിയത്തിൽ ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ഹൈദരാബാദ് 18.3 ഓവറിൽ 113-ന് പുറത്ത്. ക്യാപ്റ്റൻ പാറ്റ് കമിൻസ് (16 പന്തിൽ 24) ആണ് ഹൈദരാബാദിന്റെ ടോപ് സ്കോറർ. മറുപടി ബാറ്റിങ്ങിനിറങ്ങിയ കൊൽക്കത്തയ്ക്ക് ലക്ഷ്യം മറികടക്കാൻ പത്തോവറും ചില്ലറ പന്തുകളും മാത്രമേ വേണ്ടിവന്നുള്ളൂ.കൊൽക്കത്ത 10.3 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 114 റൺസ് നേടി ലക്ഷ്യം ഭേദിച്ചു. ഓപ്പണർ റഹ്മാനുള്ള ഗുർബാസും വെങ്കടേഷ് അയ്യരും രണ്ടാം വിക്കറ്റിൽ നടത്തിയ പോരാട്ടമാണ് കൊൽക്കത്തൻ ഇന്നിങ്സിന്റെ നട്ടെല്ല്. ഇരുവരും ചേർന്ന് 91 റൺസിന്റെ കൂട്ടുകെട്ട് പടുത്തുയർത്തി. വെങ്കടേഷ് അയ്യർ 26 പന്തുകളിൽ 52 റൺസ് നേടി. വെങ്കടേഷ് തന്നെയാണ് വിജയറൺ കുറിച്ചത്. റഹ്മാനുള്ള ഗുർബാസ് 32 പന്തിൽ 39 റൺസ് നേടി.സൺറൈസേഴ്സ് ക്യാപ്റ്റൻ പാറ്റ് കമിൻസ് എറിഞ്ഞ രണ്ടാം ഓവറിൽ സുനിൽ നരെയ്ൻ (2 പന്തിൽ 6) പുറത്തായതാണ് കൊൽക്കത്തയ്ക്കേറ്റ തിരിച്ചടി. ഒൻപതാം ഓവറിൽ ഗുർബാസും പുറത്തായി. ശ്രേയസ് അയ്യരായിരുന്നു (3 പന്തിൽ 6) വിജയസമയത്ത് വെങ്കടേഷിനൊപ്പം ക്രീസിൽ.

### സ്റ്റാർക്ക് നൽകിയ തുടക്കം

ഐ.പി.എൽ. ഫൈനലിന്റെ ചരിത്രത്തിലെ ഏറ്റവും ചെറിയ സ്കോറാണ് ഹൈദരാബാദിന്റേത്. പവർപ്ലേയിലെ മൂന്നോവറിൽ അഭിഷേക് ശർമയെയും ത്രിപാഠിയെയും പുറത്താക്കിയ മിച്ചൽ സ്റ്റാർക്കാണ് കൊൽക്കത്തയ്ക്ക് ബ്രേക്ക്ത്രൂ നൽകിയത്. സീസണിലെ ആദ്യ കളികളിൽ കൈയഴിഞ്ഞ് റൺസ് വഴങ്ങിയ സ്റ്റാർക്ക്, അവസാനത്തിലെത്തിയതോടെ കൊൽക്കത്തയുടെ ഏറ്റവും വിശ്വസനീയ ബൗളറായി.

14 റൺസ് മാത്രമാണ് സ്റ്റാർക്ക് വഴങ്ങിയത്. ഇതിനിടെ അപകടകാരിയായ ട്രാവിസ് ഹെഡിനെ രണ്ടാം ഓവറിൽ വൈഭവ് അറോറയും മടക്കി.

### സൺറൈസേഴ്സിന്റെ കൂട്ടത്തകർച്ച

ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ഹൈദരാബാദ് 18.3 ഓവറിൽ 113 റൺസിന് പുറത്തായി. ക്യാപ്റ്റൻ പാറ്റ് കമിൻസ് (19 പന്തിൽ 24) ആണ് ഹൈദരാബാദിന്റെ ടോപ് സ്കോറർ. ആന്ദ്രെ റസൽ, മിച്ചൽ സ്റ്റാർക്ക് ഉൾപ്പെടെയുള്ള ബൗളർമാരാണ് കൊൽക്കത്തയുടെ വിജയലക്ഷ്യത്തിലേക്കുള്ള വേഗം കുറച്ചത്.

സ്റ്റാർക്കിന്റെ ഓപ്പണിങ് ഓവറിൽ ബൗൾഡായാണ് അഭിഷേക് മടങ്ങിയത് (5 പന്തിൽ 2). രണ്ടാം ഓവറെറിഞ്ഞ വൈഭവ് അറോറ, അവസാന പന്തിൽ ട്രാവിസ് ഹെഡിനെയും മടക്കി (0). ഗുർബാസിന്റെ കൈകളിലെത്തിയാണ് ഹെഡ് മടങ്ങിയത്. ഇതോടെ ഈ സീസണിലെ ഏറ്റവും വിഖ്യാതരായ ഓപ്പണർമാർ ആറു റൺസിനിടെ പുറത്തായി. ഇത് കൊൽക്കത്തയ്ക്കുണ്ടാക്കിയ ആത്മവിശ്വാസം ചെറുതല്ല.

അഞ്ചാം ഓവറിൽ രാഹുൽ ത്രിപാഠിയും (13 പന്തിൽ 9) മടങ്ങി. പവർപ്ലേയിൽ ടീം നേടിയത് മൂന്ന് വിക്കറ്റ് നഷ്ടത്തിൽ വെറും 40 റൺസ്. അതും ആറാം ഓവറിൽ 17 റൺസ് പിറന്നതുകൊണ്ട്. ആദ്യ അഞ്ചോവറിനിടെ പിറന്നത് ഒറ്റ ഫോറാണ്. ഏഴാം ഓവറിൽ നിതീഷ് റെഡ്ഡിയും പുറത്തായി (10 പന്തിൽ 13). 11ാം ഓവറിൽ എയ്ഡൻ മാർക്രമും (23 പന്തിൽ 20) പുറത്തായതോടെ ഹൈദരാബാദ് വലിയ പതനത്തിലേക്ക് കൂപ്പുകുത്തി. പത്തോവറിൽ 61 റൺസായിരുന്നു ടീം ടോട്ടൽ.

പിന്നീട് 12-ാം ഓവറിൽ ഷഹബാസ് അഹ്മദ് (7 പന്തിൽ 8), 13ാം ഓവറിൽ അബ്ദുൽ സമദ് (4), 15ാം ഓവറിൽ ഹെന്റിച്ച് ക്ലാസൻ (17 പന്തിൽ 16) എന്നിവരും പുറത്തായതോടെ ഹൈദരാബാദിന്റെ കഥ ഏതാണ്ട് കഴിഞ്ഞു. നരെയ്ൻ എറിഞ്ഞ 18-ാം ഓവറിൽ വിക്കറ്റിനു മുന്നിൽ കുരുങ്ങി ജയദേവ് ഉനദ്കട്ടും റസലിന്റെ തൊട്ടടുത്ത ഓവറിൽ കമിൻസും മടങ്ങിയതോടെ ഹൈദരാബാദ് ടോട്ടൽ 113 ആയി.

2.3 ഓവറിൽ 19 റൺസ് വിട്ടുനൽകി മൂന്ന് വിക്കറ്റുകൾ നേടിയ ആന്ദ്രെ റസലും മൂന്നോവറിൽ 14 റൺസ് നൽകി രണ്ട് വിക്കറ്റ് വീഴ്ത്തിയ മിച്ചൽ സ്റ്റാർക്കുമാണ് കൊൽക്കത്തൻ ബൗളർമാരിലെ ഹീറോ. ഹർഷിത് റാണ നാലോവറിൽ 24 റൺസ് വഴങ്ങി രണ്ട് വിക്കറ്റ് നേടി. വൈഭവ് അറോറയ്ക്കും സുനിൽ നരെയ്നും വരുൺ ചക്രവർത്തിക്കും ഓരോ വിക്കറ്റ്. പന്തെറിഞ്ഞവർക്കെല്ലാം വിക്കറ്റ് നേടാനായി.

# രോഹിതിന്റെ നേതൃത്വത്തിൽ ആദ്യസംഘം യുഎസിലേക്ക് പുറപ്പെട്ടു

ന്യൂഡൽഹി: ട്വന്റി20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിന്റെ ആദ്യസംഘം യുഎസിലേക്ക് പുറപ്പെട്ടു. ക്യാപ്റ്റൻ രോഹിത് ശർമയുടെ നേതൃത്വത്തിലുള്ള ആദ്യ സംഘം മുംബൈ വിമാനത്താവളത്തിൽ നിന്ന് ശനിയാഴ്ച രാത്രിയോടെയാണ് പുറപ്പെട്ടത്.ക്യാപ്റ്റൻ രോഹിത്, ബുംറ, സൂര്യകുമാർ, ഋഷഭ് പന്ത്, മുഖ്യ പരിശീലകൻ രാഹുൽ ദ്രാവിഡ്, ബാറ്റിംഗ് കോച്ച് വിക്രം റാത്തോഡ്, ബാറ്റർ ശുഭ്മാൻ ഗിൽ, ഓൾറൗണ്ടർമാരായ രവീന്ദ്ര ജഡേജ, ശിവം ദുബെ, പേസർമാരായ മുഹമ്മദ് സിറാജ്, അർഷ്ദീപ സിംഗ്, ഖലീൽ അഹമ്മദ്, സ്പിന്നർമാരായ കുൽദീപ് പട്ടേൽ, അക്സർ പട്ടേൽ എന്നിവരാണ് ആദ്യ സംഘത്തിലുള്ളത്.

ഐപിഎൽ പ്ലേ ഓഫ് ടീമുകളിൽ കളിച്ച താരങ്ങളായ വിരാട് കോലി, യശസ്വി ജെയ്സ്വാൾ, സഞ്ജു സാംസൺ, ചാഹൽ, റിങ്കു സിങ് എന്നിവർ പിന്നീട് യുഎസിലെത്തും. ഐപിഎൽ ഫൈനലിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ മത്സരിക്കുന്ന കൊൽക്കത്തയുടെ താരമാണ് റിങ്കു സിങ്.

യുഎസിലും കാനഡയിലുമായി നടക്കുന്ന ട്വന്റി20 ലോകകപ്പിൽ ഇന്ത്യയുടെ ആദ്യമത്സരം ജൂൺ അഞ്ചിന് അയർലൻഡുമായിട്ടാണ്. ന്യൂയോർക്കിൽ പുതുതായി നിർമിച്ച അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. ജൂൺ ഒമ്പതിന് പാകിസ്താനുമായും ജൂൺ 12ന് യുഎസുമായും ജൂൺ 15ന് കാനഡയുമായുമായിട്ടാണ് ഗ്രൂപ്പ് ഘട്ടത്തിൽ ഇന്ത്യയുടെ മത്സരങ്ങൾ.

# ലോകകപ്പിന് കരുത്തേറ്റി വിൻഡീസ്; രണ്ടാം ജയം, ദക്ഷിണാഫ്രിക്കയെ വീഴ്ത്തി ടി20 പരമ്പര

കിങ്സ്റ്റൻ: സ്വന്തം നാട്ടിൽ അരങ്ങേറുന്ന ടി20 ലോകകപ്പിനായി തയ്യാറെടുക്കുന്ന മുൻ ചാമ്പ്യൻമാരായ വെസ്റ്റ് ഇൻഡീസിനു വൻ ആത്മവിശ്വാസം നൽകി ടി20 പരമ്പര നേട്ടം. ദക്ഷിണാഫ്രിക്കക്കെതിരായ മൂന്ന് മത്സരങ്ങളടങ്ങിയ പോരിൽ 2-0ത്തിനു ജയം പിടിച്ച് മുന്നിൽ. രണ്ടാം പോരിൽ 16 റൺസിന്റെ ത്രില്ലർ ജയമാണ് വിൻഡീസ് നേടിയത്.




ആദ്യം ബാറ്റ് ചെയ്ത വിൻഡീസ് നിശ്ചിത ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 207 റൺസെടുത്തു. ദക്ഷിണാഫ്രിക്കയുടെ പോരാട്ടം 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 191 റൺസിൽ അവസാനിപ്പിച്ചാണ് അവർ ജയവും ഒപ്പം പരമ്പരയും സ്വന്തമാക്കിയത്.മൂന്ന് വിക്കറ്റുകൾ വീഴ്ത്തിയ ഗുഡാകേഷ് മോട്ടിയുടെ സ്പിന്നാണ് വിൻഡീസ് ജയത്തിന്റെ നട്ടെല്ല്. താരം നാലോവറിൽ 22 റൺസ് മാത്രമാണ് വഴങ്ങിയത്. റൊമാരിയോ ഷെഫേർഡും തിളങ്ങി. താരം നാലോവറിൽ 23 റൺസ് മാത്രം വഴങ്ങി ഒരു വിക്കറ്റെടുത്തു.


അകീൽ ഹുസൈൻ, റോസ്റ്റൻ ചെയ്സ് എന്നിവർ ഓരോ വിക്കറ്റെടുത്തു. റോസ്റ്റൻ ചെയ്സ് നാലോവറിൽ 26 റൺസ് മാത്രമാണ് വഴങ്ങിയത്. ചെയ്സ് ബാറ്റിങ്ങിലും വിൻഡീസിനായി തിളങ്ങി. ടോപ് സ്കോററും താരം തന്നെ.

ജയത്തിനായി ബാറ്റേന്തിയ ദക്ഷിണാഫ്രിക്കക്കായി ക്വിന്റൻ ഡി കോക്ക് മാരക ബാറ്റിങ്ങുമായി കളം വാണു. താരം 17 പന്തിൽ നാല് വീതം ഫോറും സിക്സും സഹിതം 41 റൺസെടുത്തു. റീസ ഹെൻഡ്രിക്സ് മൂന്ന് സിക്സും രണ്ട് ഫോറും സഹിതം 18 പന്തിൽ 34 റൺസെടുത്തു. ഇരുവരും ചേർന്ന ഓപ്പണിങ് സഖ്യം 5 ഓവറിൽ 81 റൺസെടുത്തിരുന്നു. എന്നാൽ ഇരുവരും അടുത്തടുത്ത് മടങ്ങിയതിനു പിന്നാലെ ദക്ഷിണാഫ്രിക്കൻ പിന്നിൽ പോയി. പിന്നീടെത്തിയവരിൽ ക്യാപ്റ്റൻ റസി വാൻ ഡെർ ഡുസനൊഴികെ മറ്റൊരാളും പിടിച്ചു നിന്നില്ല. താരം 22 പന്തിൽ രണ്ട് സിക്സുകൾ സഹിതം 30 റൺസെടുത്തെങ്കിലും ജയത്തിനു അതു മതിയായില്ല.

നേരത്തെ റോസ്റ്റൻ ചെയ്സ് പുറത്താകാതെ നേടിയ അർധസെഞ്ചറിയാണ് വിൻഡീസ് സ്കോർ 200 കടത്തിയത്. താരം 38 പന്തിൽ ഏഴ് ഫോറും രണ്ട് സിക്സും സഹിതം 67 റൺസെടുത്തു. ക്യാപ്റ്റൻ ബ്രെണ്ടൻ കിങ് 22 പന്തിൽ 36 റൺസും കെയ്ൽ മെയേഴ്സ് 16 പന്തിൽ 32 റൺസും അടിച്ചെടുത്തു.

ആന്ദ്രെ ഫ്ളച്ചർ (18 പന്തിൽ 29), റൊമേരിയോ ഷെഫേർഡ് (13 പന്തിൽ 26) എന്നിവരുടെ കൂറ്റനടികളും മികച്ച സ്കോറിലെത്താൻ കളമൊരുക്കു. ബ്രെണ്ടൻ കിങ്, കെയ്ൽ മെയേഴ്സ്, ഷെഫേർഡ് എന്നിവർ മൂന്ന് വീതം സിക്സുകൾ തൂക്കി. ഫ്ളച്ചർ രണ്ട് സിക്സടിച്ചു.

ദക്ഷിണാഫ്രിക്കക്കായി ലുൻഗി എൻഗിഡി, എൻകാബയോംസി പീറ്റർ, അൻഡിൽ ഫെലുക്വായോ എന്നിവർ രണ്ട് വീതം വിക്കറ്റുകൾ വീഴ്ത്തി. ബ്യോൺ ഫോർട്യുൻ ഒരു വിക്കറ്റെടുത്തു.



# മലേഷ്യൻ മാസ്റ്റേഴ്സ് ഫൈനലിൽ പി.വി. സിന്ധു റണ്ണർ അപ്പ്

ക്വലാലംപുർ: മലേഷ്യൻ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റ് വനിതാ സിംഗിൾസ് ഫൈനലിൽ ഇന്ത്യയുടെ പി.വി. സിന്ധുവിന് തോൽവി.

ചൈനയുടെ ലോക ഏഴാംനമ്പർ താരം വാങ് ഷി ജയിച്ചതോടെ സിന്ധു റണ്ണർ അപ്പായി. 79 മിനിറ്റ് നീണ്ട പോരാട്ടത്തിൽ 21-16, 5-21, 16-21 സ്കോറിന് സിന്ധു പരാജയപ്പെട്ടു.

ആദ്യ സെറ്റ് നേടിയ ശേഷമാണ് സിന്ധു കിരീടം കൈവിട്ടത്. 2023 ഏപ്രിലിലെ സ്പെയിൻ മാസ്റ്റേഴ്സിനു ശേഷമുള്ള സിന്ധുവിന്റെ ആദ്യ അന്താരാഷ്ട്ര ടൂർണമെന്റ് ഫൈനലാണിത്. പരിക്കിൽനിന്ന് മുക്തയായി ഫെബ്രുവരിയിൽ നടന്ന ഏഷ്യ ടീം ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ സിന്ധു തിരിച്ചെത്തിയിരുന്നു. 2023-ൽ മാഡ്രിഡ് സ്പെയിൻ മാസ്റ്റേഴ്സിൽ റണ്ണർ അപ്പായി ഒരു വർഷത്തിനുശേഷമാണ് സിന്ധു വീണ്ടും ഫൈനൽ കളിക്കുന്നത്. ഒരു വർഷത്തിനുശേഷമുള്ള ഈ പ്രകടനം സിന്ധുവിന്റെ ആത്മവിശ്വാസം വളർത്തും.

തായ്‌ലാൻഡിന്റെ ബുസാനൻ ഒങ്ബാംറുങ്ഫാനിനെ കീഴടക്കിയാണ് സിന്ധു ഫൈനലിൽ പ്രവേശിച്ചത്. 88 മിനിറ്റു നീണ്ട മൂന്നു ഗെയിം പോരാട്ടത്തിൽ 13-21, 21-16, 21-12ന് സിന്ധു ജയിച്ചുകയറി. ആദ്യ ഗെയിം നഷ്ടമായ ശേഷം തിരിച്ചുപിടിക്കുകയായിരുന്നു.

കഴിഞ്ഞ രണ്ടുവർഷത്തിനിടെ സിന്ധുവിന് കിരീടം നേടാൻ കഴിഞ്ഞിരുന്നില്ല. 2022-ൽ സിങ്കപ്പൂർ ഓപ്പണിലാണ് അവസാനമായി ജയിച്ചത്.

# മാഞ്ചസ്റ്ററിന് ചുവപ്പടിച്ച് യുണൈറ്റഡ്; ഹൃദയ വേദനയിൽ സിറ്റി

ലണ്ടൻ: സീസണിലുടനീളം മോശം പ്രകടനത്തിന്റെ പേരിൽ പഴികേട്ടിരുന്ന യുണൈറ്റഡ് എഫ്.എ കപ്പ് കിരീടത്തിൽ മുത്തമിട്ട് നിറഞ്ഞോടുമ്പോൾ നഗരവൈരികളായ സിറ്റിക്ക് ഹൃദയവേദന. ഫുട്ബോളിലെ പൈതൃക വേദികളൊന്നായ വെംബ്ലി സ്റ്റേഡിയത്തിൽ ഒന്നിനെതിരെ രണ്ടുഗോളുകൾക്കാണ് യുണൈറ്റഡിന്റെ കിരീട വിജയം.

പതിവുപോലെ പൊസിഷനിലും പാസിങ്ങിലുമെല്ലാം സിറ്റി മുന്നിട്ടുനിന്നെങ്കിലും കിട്ടിയ അവസരങ്ങളിൽ സിറ്റി ഗോൾമുഖത്തേക്ക് പാഞ്ഞുകയറി യുണൈറ്റഡും ഭീതി പരത്തി. 30ാം മിനുറ്റിൽ സിറ്റി പ്രതിരോധഭടൻ ഗ്വാർഡിയോളിന്റെ പിഴവിൽ നിന്നായിരുന്നുഅലക്സാണ്ട്രോ ഗാർണോച്ചോയുടെ ഗോൾ. അധികം വൈകാതെ 39ാം മിനുറ്റിൽ ബ്രൂണോ ഫെർണാണ്ടസിന്റെ മനോഹര പാസിൽ മൈനോയിലൂടെയായിരുന്നു യുണൈറ്റഡിന്റെ രണ്ടാംഗോൾ.രണ്ടുഗോളിന് മുന്നിലെത്തിയതോടെ പ്രതിരോധത്തിലൂന്നി മത്സരം പൂർത്തിയാക്കാനായിരുന്നു യുണൈറ്റഡിന്റെ ശ്രമം. യുണൈറ്റഡ് പ്രതിരോധനിരയെ വെട്ടിച്ചുകയറാനുള്ള സിറ്റിയുടെ ശ്രമങ്ങളെല്ലാം പാഴായി. ഒടുവിൽ 87ാം മിനുറ്റിൽ ജെർമി ഡോകുവിലൂടെയായിരുന്നു സിറ്റിയുടെ തിരിച്ചടി. പെനൽറ്റി ബോക്സിന് വെളിയിൽ നിന്നും തൊടുത്ത ഷോട്ട് അളന്നെടുക്കുന്നതിൽ യുണൈറ്റഡ് ഗോൾകീപ്പർ ഒനാനക്ക് പിഴച്ചു.സീസണിലുടനീളം മോശം പ്രകടനത്തിന് പഴികേണ്ട യുണൈറ്റഡ് പരിശീലകൻ എറിക് ടെൻഹാഗിന് ഏറെ ആശ്വാസം നൽകുന്നതാണ് എഫ്.എ കപ്പ് വിജയം.




## ഹാൻസി ഫ്ലിക്ക് ബാഴ്സലോണയിൽ 2 വർഷ കരാർ ഒപ്പുവെക്കും

ജർമ്മൻ പരിശീലകൻ ഹാൻസി ഫ്ലിക്ക് ബാഴ്സലോണയുടെ അടുത്ത പരിശീലകനാകും. ഫ്ലിക്കും ബാഴ്സലോണയും തമ്മിൽ കരാർ ധാരണയിൽ എത്തിയതായി ഫബ്രിസിയോ റൊമാനോ റിപ്പോർട്ട് ചെയ്യുന്നു. രണ്ടു വർഷത്തെ കരാർ ആകും ഫ്ലിക്ക് ബാഴ്സലോണയിൽ ഒപ്പുവെക്കുക.

ബാഴ്സലോണയുടെ പരിശീലകൻ സാവിയെ ക്ലബ് കഴിഞ്ഞ ആഴ്ച പുറത്താക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. ഈ സീസൺ അവസാനിച്ച സ്ഥിതിക്ക് ബാഴ്സലോണ പെട്ടെന്ന് തന്നെ നടപടികൾ വേഗത്തിൽ ആക്കി ഔദ്യോഗികമായി ഹാൻസി ഫ്ലിക്കിന്റെ നിയമനം പ്രഖ്യാപിക്കും എന്ന് പ്രതീക്ഷിക്കപ്പെടുന്നു.

അവസാനമായി ജർമ്മൻ ദേശീയ ടീം പരിശീലകൻ ആയാണ് ഫ്ലിക്ക് പ്രവർത്തിച്ചത് അവിടെ നല്ല ഓർമ്മകൾ അല്ല ഫ്ലിക്കിന് ഉള്ളത് ബയേണിൽ ആയിരുന്നു ഫ്ലിക്കിന്റെ നല്ല പ്രകടനം വന്നത്.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.